# ജി.വി.എച്ച്.എസ്.എസ്

## തിരുവില്വാമല



# ചിരാത്

## ലിറ്റിൽ കൈറ്റ്സ് പ്രസിദ്ധീകരണം

## 2019-20




ലിറ്റിൽ കൈറ്റ് ക്ലബ്ബിൻറെ ആഭിമുഖ്യത്തിൽ വിദ്യാലയത്തിൽ ഒരു ഡിജിറ്റൽ മാഗസിൻ ഉണ്ടാക്കുന്നു എന്നറിഞ്ഞതിൽ അതിയായ സന്തോഷമുണ്ട്. കുട്ടികളുടെ സർഗ്ഗസൃഷ്ടികൾ എല്ലാവരിലേക്കും എത്തിക്കാനുള്ള നല്ലൊരു വേദിയാണ് ഇത്. മാറുന്ന ലോകത്ത് വായനയുടെ വസന്തം തീർക്കാനും അത് എല്ലാവരിലേക്കും സംക്രമിപ്പിക്കാനും പുത്തൻ സാങ്കേതികവിദ്യയിൽ നിപുണരാവാനും ഈ ഉദ്യമം സഹായിക്കും. മാഗസിനു വേണ്ടി പ്രയത്നിച്ച ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്ക് അഭിനന്ദനം നേരുന്നതോടൊപ്പം മാഗസിന് എല്ലാവിധ മംഗളാശംസകളും നേരുന്നു


പ്രിൻസിപ്പാൾ,

പി.ജയശങ്കർ




"സർഗ്ഗാത്മകതയുടെ പുതിയ തലങ്ങൾ
കണ്ടെത്താൻ കാലത്തെ അടയാളപ്പെടുത്താൻ
നേരിനെയും നന്മയേയും തിരിച്ചറിയുവാനും, ലിറ്റിൽ
കൈറ്റ്സിൻെറ മാഗസിന് കഴിയുമെന്ന്
പ്രതീക്ഷിക്കുന്നു.
ഈ ഉദ്യമത്തിന് എല്ലാവിധ വിജയാശംസകൾ
നേരുന്നു"

**ഹെഡ് മിസ്ട്രസ്**
**അനിത.പി.എ**



എനിക്ക് എഴുതിയേ തീരൂ എന്ന
അനിവാര്യതയിലാണ്
എൻറെ മനസ്സ് ചെന്ന് നിൽക്കാറുള്ളത്
ചില സന്ദർഭങ്ങൾ എനിക്ക് നൽകുന്ന
ഭീകരമായ പ്രതിസന്ധികളിൽ നിന്ന്
പ്രാണനെ രക്ഷപ്പെടുത്താൻ കവിതയെന്ന
അഭയത്തിലേക്ക് ആണ് ഞാൻ ഓടിക്കയറാറ് ഉള്ളത്
നിൽക്കക്കള്ളിയില്ലാത്തവൻറെ നിലവിളിയായി
അത് ചിലപ്പോൾ ആലംബം തരാറുണ്ട്

കുരീപ്പുഴ
ശ്രീകുമാർ

# അകത്തളം


- സമർപ്പണം.............- 8
- പത്രാധിപസമിതി...- 9
- മുഖമൊഴി....................- 10
- വിദ്യാലയത്തിലെ
  നിറക്കൂട്ട്.............- 11
- അയ്യപ്പൻ...................- 13
- ഇതെങ്കിലും..................- 14
- പെങ്ങൾ......................- 15
- അച്ഛനെന്ന പുണ്യം.- 16
- മഹാഭാരതം ലേഖനം- 17
- ചരിത്രാന്വേഷണം
  തിരുവില്വാമല.........- 19
- പുണ്യപാഠം...................- 21
- BOOKS...........................- 22
- അമ്മ...............................- 23

- A.P.J.................................-24
- WELCOME TO THE
  NIGHT.......................- 25
- ALEXANDER FLEMING- 26
- ആഴിക്കടിയിലെ
  സുഹ്രത്ത്...........- 27
- ഭൂമിയിലെ വസന്തം..........- 28
- WATER RESERVOIRS- 29
- എന്റെ അമ്മ....................- 30
- ഗതിമാറുന്ന
  പഠനവഴികൾ......- 31
- ഭൂഗോളത്തിന്റെ സ്പന്ദനം
  കണക്കിലാണ്....- 32
- ചങ്ങായിമാർ.......................- 33
- LIFE....................................- 34
- EVERYTHING MOM........- 35

- EINSTEIN AND
  PYTHAGORUS.....- 36
- ചിതറിത്തെറിച്ച സ്വപ്നങ്ങൾ- 37
- IN THE BAZAARS OF HYDERBAD- 38
- ജീവശാസ്ത്രം..............................................- 39
- കേരളത്തിലെ 4 കലാരൂപങ്ങൾ.......- 41
- പുഴ......................................................- 42
- GOTTFRIED LEIBNIZ........................- 44
- ലയം......................................................- 45
- കൂട്ടുകാരി..............................................- 46
- മേരി ക്യൂറി..............................................- 47
- സർവം മായം..........................................- 48
- മഴ.........................................................- 49
- മാത്രമഹത്വം..........................................- 50
- SOCIAL SCIENCE...............................- 51
- നഷ്ടസ്വപ്നം...........................................- 52

- THE WORLD OF ENGLISH..............- 53
- SIR ISAAC NEWTON..........................- 54
- വസന്തം.....................................................- 55
- രസതന്ത്രം..................................................- 56
- സൗഹൃദം.....................................................- 57
- സുന്ദരപ്രക്രതി........................................-58
- കേരളത്തിന്റെ കലകൾ.......................- 59
- എബ്രഹാം ലിങ്കൺ...............................- 61
- സച്ചിദാനന്ദൻ........................................- 62
- വരകളിലൂടെ...........................................- 63
- നന്ദി...........................................................- 64
- GROUP PHOTO[LK].........................- 65

# സമർപ്പണം

അറിവിന്റെ ലോകത്തേക്ക്

ഞങ്ങളെ കൈപ്പിടിച്ച

നടത്തിയ,വാത്സല്യത്തോടെ

ഞങ്ങളെ ചേർത്തുപ്പിടിച്ച എല്ലാ

ഗുരുശ്രേഷ്ഠർക്കും ഈ മാഗസിൻ

സമർപ്പിക്കുന്നു.



# മുഖ്യപത്രാധിപർ

HEAD MISTRESS



ANITHA.P.A

KITE MASTER



SATHEESH.K

KITE MISTRESS



SHEENASON.S.M



EDITOR

ABHISHEK.S

# EDITORIAL BOARD TEAM



SAI KRISHNA.R




ANAS.M.A



ARUN KUMAR.K



THEJUS.S



PRATHUISH.V.P



SANGEETHA.K



YAMUNA.R



MANOJ KUMAR



എഡിറ്റർ:

**അഭിഷേക്.എസ്**

**IX D**

## ആമുഖം

ഇളം തണൽ വീശുന്ന കലാലയ താഴ്വരയിൽ ഇരുളടഞ്ഞ് പോകുന്ന ഓരോ പ്രതിഭകളെയും കണ്ടെത്തി അവരുടെ സർഗാത്മകശേഷി പ്രദർശിപ്പിക്കുവാൻ ഞങ്ങൾ ഒരുക്കിയ വേദിയാണ് ഈ പുസ്തകം. ഈ പുസ്തക താളുകളിലൂടെ അവരുടെ വരയും കവിതയും കഥയുമെല്ലാം പരിവ്യസിക്കുമ്പോൾ തെളിയുന്നത് അവരുടെയുള്ളിൽ ഒളിഞ്ഞു കിടന്നിരുന്ന കലാവാസനകളാണ്.

ഓർമ്മകളുടെ കൂടാരമായ ജി.വി.എച്ച്.എസ്.എസ്, തിരുവില്വാമലയുടെ അകത്തളത്തിൽ നിന്നുകൊണ്ട് പൂർവവിദ്യാർത്ഥികളെയും അധ്യാപകരെയും രക്ഷകർത്താക്കളെയും സർവ്വോപരി എല്ലാവിധ സഹായസഹകരണങ്ങളേകിയ ഏവർക്കും മുമ്പാകെ ഞങ്ങൾ, കൊച്ചുക്കൂട്ടുകാരുടെ ഒരു സമാഹാരം

***"ചിരാത്"***

അറിയപ്പെടാതെ പോകേണ്ടിയിരുന്ന കൊച്ചുകലാകാരന്മാരെ മുൻനിരയിലേക്ക് എത്തിക്കാൻ ലിറ്റിൽ കൈറ്റസിന്റെ ആഭിമുഖ്യത്തിൽ സദയം സമാഹാരിച്ച ഒരു സർഗാത്മകക്കൂട്ട് ഈ പുസ്തകസമച്ചേയത്തിന് സഹകരിച്ച ഏവർക്കും നന്മകൾ നേർന്നു കൊണ്ട് നിർത്തുന്നു

# വിദ്യാലയത്തിലെ നിറക്കൂട്ട്
















REDMI NOTE 5 PRO
MI DUAL CAMERA











ഇലകളായി ഇനി നമ്മൾ
പുനർജനിക്കുമെങ്കിൽ
ഒരേ വൃക്ഷത്തിൽ പിറക്കണം
എനിക്കൊരു
കാമിനി അല്ല ആനന്ദത്താലും ദുഃഖത്താലും
കണ്ണ് നിറഞ്ഞൊരു പെങ്ങൾ ഇല വേണം

എ. അയ്യപ്പൻ

# ഇതെങ്കിലും



ആദിശേഷൻ

10 ഡി

ഭൂമിയിൽ ഇത്തിരി കുളിരു തേടി
നടക്കുകയാണ് ഒരു
അച്ഛനും മകനും ........
എവിടെ ?
എവിടെയും ഇത്തിരി തണലില്ല
കുളിരില്ല .....നനവുമില്ല.......

മരുപ്പച്ച പോലും കാണാതെ അവർ
മണലിലൂടെ ഇഴഞ്ഞു നീങ്ങെ,
കെട്ടിടങ്ങൾ കണ്ട് അത്ഭുതങ്ങൾ പൂണ്ടു
നിൽക്കും
കുട്ടിയോട് ഒന്ന് ചൊല്ലി അച്ഛൻ
'പണ്ടിവിടെ ഒരു വയലായിരുന്നു'

ഉണങ്ങി കരിഞ്ഞ മരക്കുറ്റികൾ ചൂണ്ടി
'പണ്ട് ഇവിടെയൊരു കാടായിരുന്നു'
എന്ന് ചൊല്ലി.

ഒരു വര പാട് നോക്കി അവൻ നിൽക്കേ,
ചൊല്ലി:
'അത്..... ഒരു പുഴയായിരുന്നു പണ്ട്'

എല്ലാം ഒന്നു നോക്കി
അവൻ ചോദിച്ചു :
'എൻറെ ഉണ്ണിക്ക് കാണ്മാൻ
ഇങ്ങനെ,
അടയാളങ്ങൾ ; എങ്കിലും......?'




# പെങ്ങൾ



ചിത്ര.എം

10 എ

നിലാവ് ഊറുന്ന നാട്ടുവഴിയിലൂടെ
അവൾ ഇതാ വരുന്നു പുഞ്ചിരിയോടെ
മന്ദം മന്ദം ഒഴുകുന്ന പുഴകൾ വിടരുന്നു പൂവുകൾ
കാറ്റിൽ നൃത്തം ആടുന്നു മരങ്ങൾ
അവൾ തൻ പാട്ടിൽ
പ്രകൃതിയെ നിൻ മടിയിൽ മയങ്ങുന്നു ഞാൻ
അമ്മേ നിന്നിൽ അലിയുന്നു ഞാൻ
നിങ്ങൾ കണ്ടോ അവളെ ?
എൻ ജീവനേ ?
അവളാണ് എൻ സഹോദരീ
എൻപ്രിയപ്പെട്ടവൾ
എന്റെ എല്ലാമായവൾ
അവൾ എവിടെ എന്നെ വിട്ടകന്നുവോ
എന്നിൽ നിന്നും അടർന്നുവോ
മാഞ്ഞു പോയോ അവൾ ദൂരെ
പാറി പോയോ കെട്ടുപൊട്ടിയ പട്ടം പോലെ



# അച്ഛൻ എന്ന പുണ്യം



അനുപമ.വി

9 D

അധ്വാനത്തിന്റെ പ്രതിഛായകൾ താമസിക്കുന്ന ഒരു കൊച്ചു തെരുവ്. കഷ്ടതകൾ മാത്രമുള്ള ദാരിദ്രത്തിൽ മുങ്ങിക്കിടക്കുന്ന ഒരു കുടുംബം. ജനിച്ചപ്പോൾ തന്നെ സ്വന്തം അമ്മ മറഞ്ഞ് പോയ വിഷമം അപ്പുവിനെ വല്ലാതെ അലട്ടി. ഇക്കാലമത്രയും അച്ഛനാണ് അവനെ താഴത്തും തലയിലും വൈകാതെ കൊണ്ടു നടന്നിരുന്നത്.ചെറുകുടിലിൽ ആണെങ്കിലും എല്ലാകാര്യത്തിലും മുൻപന്തിയിലാണ് അപ്പു . വെറും ആശാരിയായ അച്ഛൻ, കിട്ടുന്ന തുച്ഛമായ കൂലി കൊണ്ടാണ് കുടുംബം പോറ്റുന്നത്. മകനെ പഠിപ്പിച്ച വലുതാക്കണം എന്ന് എല്ലാ മാതാപിതാക്കളുടെയും പ്രാർത്ഥനകളിൽ നിന്ന് വ്യത്യസ്തമായിരുന്നു അച്ഛന്റെ പ്രാർത്ഥന. സ്വന്തം മകനെ പട്ടിണി കൂടാതെ വളർത്തണം എന്നായിരുന്നു ആ അച്ഛന്റെ പ്രാർത്ഥന. പക്ഷേ ഇതേ സമയം അപ്പുതന്റെ കുടുംബപശ്ചാത്തലം ഒക്കെ മന്ദംമന്ദം വിസ്മരിക്കാൻ തുടങ്ങി. അവന്റെ സ്വഭാവം എളിയ രീതിയിൽ മാറാൻ തുടങ്ങി. അവന്റെ ശ്രദ്ധ പഠിപ്പിൽ നിന്ന് വ്യതിചലിച്ചു. തന്റെ അച്ഛന്റെ കഷ്ടപ്പാടും യാതനകളും എല്ലാം വിസ്മരിക്കാൻ തുടങ്ങി. അച്ഛൻ രാവിലെ മകനു വേണ്ട ഭക്ഷണ സാമഗ്രികൾ എല്ലാം ആക്കി കൊടുത്ത് അവനെ സ്കൂളിലേക്ക് പറഞ്ഞയക്കും. അവൻ അച്ഛന്റെ കാര്യങ്ങൾ തിരിഞ്ഞു നോക്കാറില്ല. ഒരു നാൾ ഉച്ചയ്ക്ക് അപ്പു സ്കൂളിൽ നിന്ന് അച്ഛൻ ജോലി ചെയ്യുന്ന സ്ഥലത്തേക്ക് വന്നു. സ്കൂളിൽ ആയതുകൊണ്ടായിരിക്കാം ഇതുവരെ ഉച്ചക്ക് അച്ഛൻ ഭക്ഷണം കഴിക്കുന്നത് അവൻ കണ്ടിട്ടില്ല. അവൻ അച്ഛന്റെ ഒപ്പം ചോറ് കഴിക്കാൻ പാത്രം തുറന്നപ്പോൾ ഒരു കാലി പാത്രം താഴെ വീഴുന്നത് പോലെ ശബ്ദം അവന്റെ കാതുകളിലേക്ക് വിങ്ങൽ ഏറ്റു. അത് അവന്റെ അച്ഛന്റെ ഊണ് പാത്രമായിരുന്നു. അവന്റെ മുഖം ആകെ വിയർത്തു. ഇതുവരെ കാണാത്ത ദയനീയ കാഴ്ച കണ്ടത് കൊണ്ടാവാം മഴത്തുള്ളികൾ പൊഴിയുന്നതു പോലെ കണ്ണുനീർ അവന്റെ കണ്ണുകളിൽ നിന്നും പൊഴിഞ്ഞു. തന്റെ അച്ഛൻ ഉച്ചയ്ക്ക് തനിക്ക് ഭക്ഷണം വെക്കാതെയാണ് അയക്കാറുള്ളത് എന്ന് മനസ്സിലായപ്പോൾ അവൻ സങ്കടമോ കുറ്റബോധമോ കൊണ്ട് ആ അച്ഛനെ വാരിപ്പുണർന്നു. തന്റെ തെറ്റുകൾ മനസ്സിലാക്കി അവൻ അതിന് കണ്ണുനീർ കൊണ്ട് തുടച്ചു നീക്കി. ഒരു കുടുംബത്തിന് ഭാരമെല്ലാം താങ്ങി സങ്കടമോ സന്തോഷമോ പ്രകടിപ്പിക്കാതെ ഉള്ളിലൊതുക്കി എപ്പോഴും ഒരു ചിരിച്ച മുഖമായി നടക്കുന്ന ആളാണ് അച്ഛൻ ..... അത് അവൻ തിരിച്ചറിഞ്ഞു.






മലയാള സാഹിത്യ നിരൂപകരിൽ പ്രമുഖനായ കുട്ടികൃഷ്ണമാരാരുടെ കൃതിയാണ്" യുദ്ധത്തിന്റെ പരിണാമം- ഭാരതപര്യടനം". ധർമ്മ ക്ഷേത്രമായ കുരുക്ഷേത്രയിൽ വെച്ചുനടന്ന മഹാഭാരത യുദ്ധത്തിന്റെ അന്ത്യത്തിൽ നടന്ന കാര്യങ്ങളെയാണ് അദ്ദേഹം 'യുദ്ധത്തിന്റെ പരിണാമം' എന്നതിലൂടെ പറയുന്നത്. നമുക്കെല്ലാവർക്കും അറിയാവുന്ന ഒരു കാര്യമാണ് ഏതൊരു യുദ്ധത്തിന്റെയും അവസാനം നാശം ആണെന്ന്. അതുപോലെയാണ് ഇവിടെ കുരുക്ഷേത്രത്തിൽ വെച്ച് നടന്ന ഈ യുദ്ധവും. പാണ്ഡവരും കൗരവരും തമ്മിൽ നടന്ന യുദ്ധത്തിൽ അവർ ഇരുവരും ഒപ്പിട്ട കരാറുകൾ ഇപ്രകാരമായിരുന്നു" യുദ്ധം നടക്കാത്ത സമയങ്ങളിൽ ഇരു കക്ഷിയും പണ്ടത്തെപ്പോലെ പരസ്പര പ്രീതിയോടെ വർത്തിക്കണം, ഗജാശ്വരഥങ്ങളിൽ ഇരിക്കുന്നവർ ആ നിലയിൽ ഉള്ളവരോടേ എതിർക്കാവൂ, കാലാൾ കാലാളോടും,ഓർക്കാതെയും ക്ഷീണിച്ചിരിക്കുന്നവരോടും അരുത്. യുദ്ധത്തിൻറെ ആദ്യദിവസങ്ങളിൽ ഇവയെല്ലാം പാലിക്കപ്പെട്ടു. പിന്നീട് അതും ഇതുമായി ലംഘിക്കാനും തുടങ്ങി. പാണ്ഡവ പക്ഷമാണ് ആദ്യം യുദ്ധമുറകൾ തെറ്റിച്ച് കൗരവ പക്ഷത്തുള്ള പലരെയും വീഴ്ത്തിയത്. അവസാനം ദുര്യോധനനെയും വീഴ്ത്തി. ദുര്യോധനൻ അങ്ങനെ വീണു കിടക്കുമ്പോഴും തന്റെ അഭിപ്രായത്തിൽ ഉറച്ചു നിൽക്കുന്നവനാണ്. "ഭൂമി അടക്കിവാണു; ശത്രുക്കളുടെ തലയിൽ കാൽവെച്ചു. ആർക്കു ഉള്ളൂ എന്റേതിനേക്കാൾ നല്ല അവസാനം" എന്ന് ചോദിക്കുന്നുണ്ട്. കൗരവപക്ഷത്ത് ബാക്കിയുള്ളവരാണ് , അശ്വത്ഥാമാവ്,കൃതവർമാവ് , കൃപർ ഇവരോട് മൂന്നു പേരോടുമായി ദുര്യോധനൻ പറഞ്ഞു" ഇതുതന്നെയാണ് മനുഷ്യൻറെ വിധി, ഭാഗ്യവശാൽ യുദ്ധത്തിൽ തോറ്റോടിട്ടില്ല , പാപികൾ കള്ളത്തരം കൊണ്ടാണ് എന്നെ കൊന്നത്". ഇതെല്ലാം കേട്ട ശേഷം അശ്വത്ഥാമാവ് ദുര്യോധനനോട് പറഞ്ഞു "എൻറെ അച്ഛനെ കൊടും ക്രൂരത കാട്ടി വധിച്ചതിലും കൂടുതൽ വിഷമം ദുര്യോധനൻറെ ഈ സ്ഥിതി കണ്ടാണ്. ഇന്ന് ഞാൻ സർവ്വ പാഞ്ചാലരെയും വധിച്ചിരിക്കും "എന്ന് ദുര്യോധനൻറെ മുമ്പിൽവെച്ച് അശ്വത്ഥാമാവ് പ്രതിജ്ഞയെടുത്തു. കൃപകൃതവർമ്മാശ്വത്ഥാത്മകൾ വന്നു വലിയൊരു യുദ്ധം ഉണ്ടാക്കുമെന്ന് മുൻകൂട്ടി കണ്ട കൃഷ്ണൻ ധർമ്മ പാണ്ഡവരെയും തൻറെ തേരാളി സാത്യകിയെയും കൂട്ടി ഓഘവതി നദിയുടെ തീരത്ത് ചെന്ന് പാർത്തു. അശ്വത്ഥാമാവ് പടകുടീരത്തിൽ പ്രവേശിച്ച കൃപകൃതവർമ്മാത്മാക്കളോട് പറഞ്ഞു ഞാൻ ശിബിരത്തിൽ കടന്ന് കാലനെ പോലെ വർത്തിക്കും. നിങ്ങളുടെ അടുക്കൽ നിന്ന് ജീവനുംകൊണ്ട് ഒറ്റ ഒരുത്തനും പോകരുത്. അശ്വത്ഥാമാവ്

എന്റെ അച്ഛനെ വധിച്ച ധൃഷ്ടദ്യുമ്നൻെറ മുറിയിലേക്ക് കടന്നു ചെന്ന് ധൃഷ്ടദ്യുമ്നനൻെറ കഴുത്തിലും നെഞ്ചിലും ചവിട്ടി ഞെക്കി കൊന്നു. എന്നെ അസ്ത്രം കൊണ്ട് കൊന്നുകൊള്ളൂ എന്ന് പറഞ്ഞിട്ടും ധൃഷ്ടദ്യുമ്നനെ ഞെക്കി കൊന്നു. അങ്ങനെ പാണ്ഡവരും കൃഷ്ണനെയും, സാത്യകിയും ഒഴിച്ച് ബാക്കി എല്ലാവരെയും അശ്വത്ഥാമാവ് വധിച്ചു. ഒരു രാക്ഷസനെ പോലെ. "ഭയന്ന് ശിബിരത്തിൽ നിന്ന് പുറത്തേക്ക് ഓടിയവരെ പോലും വെറുതെ വിട്ടില്ല, കൃപകൃതവർമ്മാശ്വത്ഥാത്മകൾ അവരെയും വധിച്ചു.' രാത്രി ആളുകൾ ഉറങ്ങി എത്രയ്ക്ക് നിശബ്ദമായ് ശിബിരത്തിലേക്കോ താൻ കടന്നുചെന്നത്, ആളുകൾ കൊല്ലപ്പെട്ട അത്രയും നിശബ്ദമായ് ശിബിരത്തിൽ നിന്നാണ് അയാൾ പുറത്തേക്ക് ചെന്നത്". അത്രയും ദുഃഖകരവും ഭയാനകവും ആയിരുന്നു യുദ്ധത്തിൻെറ പരിസമാപ്തി.

പിറ്റേന്ന് ഈ വിവരങ്ങളെല്ലാം തന്നെ ധർമ്മപുത്രരുടെ അടുക്കലെത്തി. ദ്രൗപതി മോഹാലസ്യപ്പെട്ടു, ഭീമൻ അവളെ ചെന്ന് താങ്ങി. ഭീമനോട് ദ്രൗപതി പറഞ്ഞു ആ ദ്രൗണിയെ നിങ്ങൾ ഇപ്പോൾതന്നെ വധിക്കണം. കാട്ടുകയറിയ ദ്രൗണിയെ കണ്ടെത്തുന്നത് എളുപ്പമല്ല. എന്നിട്ടും ഭീമൻ ദ്രൗണിയെ കണ്ടെത്തി വധിക്കുന്നതിനായി ചെന്നു. കൃഷ്ണൻ യുധിഷ്ഠിരനോട് പറഞ്ഞു " താങ്കളുടെ സഹോദരൻ വലിയൊരു ആ പത്തിലേക്ക് ആണ് പോയിരിക്കുന്നത്. ദ്രൗണി യുടെ പക്കൽ ബ്രഹ്മശിരസ്സ് എന്ന അസ്ത്രം ഉണ്ട്, ലോകത്തെ മുഴുവൻ ചുട്ടെരിക്കാൻ കഴിയുന്ന ഒരു അസ്ത്രം". ഭീമനെ തടുക്കാൻ കൃഷ്ണ യുധിഷ്ഠിരാദികൾക്ക് സാധിച്ചില്ല. അങ്ങനെ ദ്രൗണി യെ കൊല്ലാൻ വരുന്ന ഭീമനെ കണ്ട് ദ്രൗണി തൻെറ കയ്യിലെ ആ അസ്ത്രം പ്രയോഗിച്ചു. അതിനെതിരായി അർജുനൻ 'അസ്ത്രം അസ്ത്രം കൊണ്ട് അടങ്ങ്ട്ടെ' എന്ന് പറഞ്ഞ് ഒരു അസ്ത്രം അയച്ചു. ഈ രണ്ട് അസ്ത്രങ്ങൾക്കിടയിൽ നാരദനും കൃഷ്ണ ദ്വൈപായനനും രണ്ട് അഗ്നികളെപ്പോലെ വന്നു. അവർ പറഞ്ഞു " പല ശാസ്ത്രങ്ങളും അറിയുന്ന കഴിഞ്ഞുപോയ മഹാരഥന്മാർ ആരും ഈയൊരു അസ്ത്രം മനുഷ്യരിൽ പ്രയോഗിച്ചിട്ടില്ല, നിങ്ങൾ എന്തേ ഈ മഹാ നാശ കാരിയായ സാഹസം ചെയ്യാൻ?" ആ അസ്ത്രത്തെ ബ്രഹ്മചര്യം അനുഷ്ഠിച്ച് വന്നതല്ലാതെ മറ്റാർക്കും പ്രതി സംഹരിക്കാൻ കഴിയുകയില്ല. എന്നാൽ ക്രോധ താൽ ദ്രൗണി അദ്ദേഹത്തിൻെറ പൂൽകൊടി പാണ്ഡവരുടെ സന്തതിയിൽ എങ്കിലും ചെന്ന് ഏശണം അങ്ങനെ അർജുന പുത്രനായ അഭിമന്യുവിൻെറ വധുവായ ഉത്തരയുടെ ഗർഭത്തിലിരിക്കുന്ന ശിശുവിന് ഈ അസ്ത്രം ഏല്ക്കട്ടെ എന്ന് ദ്രൗണി പറഞ്ഞു. ഗർഭത്തിലിരിക്കുന്ന ശിശുവിനെ പോലും വെറുതെ വിടാൻ മനസ്സില്ലാത്ത ദ്രൗണി സർവ്വ വ്യാധികളും പിടിപെട്ട് ചോരയും ചലവും നാറികൊണ്ട് കൊടും കാടുകളിൽ തെണ്ടി തിരിയണം എന്നും അയാൾ ചിരഞ്ജീവികളിൽ ഒരാൾ ആവട്ടെ എന്നും കൃഷ്ണൻ ശപിച്ചു.

ചിരഞ്ജീവികളിൽ പ്രമുഖർ വ്യാസനും അശ്വത്ഥാമാവും ആണ്. വ്യാസൻ നന്മയായും അശ്വദ്ധാമാവ് തിന്മയും, ദേഷ്യവും ആയി നമ്മളിൽ എല്ലാവരിലും കാണുന്നു. ഏത് യുദ്ധത്തിൻെറ അവസാനവും നാശത്തിൽ കലാശിക്കുന്നു എന്ന ഒരു സന്ദേശവും കുട്ടികൃഷ്ണമാരാരുടെ ഈ കൃതിയിലുണ്ട്.

# ചരിത്രാന്വേഷണം



ഷീനാസൺ

തിരുവില്വാമലയുടെ അക്ഷര മുത്തശ്ശി നൂറിൻറെ നിറവിൽ. ഈ തിരുമുറ്റത്തു കളിച്ചും ചിരിച്ചും പഠിച്ചും വളർച്ചയുടെ പടവുകൾ കയറിയ എത്രയോ ആയിരങ്ങൾ. ലോകത്തിൻറെ വിവിധ ഭാഗങ്ങളിൽ പലവിധ മേഖലകളിൽ മികവിൻറെ ചരിത്രമെഴുതിയ തിരുവില്വാമല വൊക്കേഷണൽ ഹയർ സെക്കൻററി സ്കൂളിൻറെ കുട്ടികൾ. കാലത്തിൻറെ മാറ്റങ്ങളും കഥകളും കണ്ടും കേട്ടും വിദ്യാലയ മുറ്റത്തും പരിസരത്തും വളർന്നു പന്തലിച്ചു നിൽക്കുന്ന വൻ വൃക്ഷങ്ങൾ. അഞ്ച് ഏക്കറോളമുള്ള വിസ്താരമുള്ള സ്കൂൾ പറമ്പിന് എപ്പോഴും ഒരു കുളിർമ്മ നൽകുന്ന അനുഭവമാണെന്ന് ഇന്നും ഈ വിദ്യാലയം സന്ദർശിക്കുന്നവർ കുറിച്ചിടുന്നു. ഏറെയൊന്നും എവിടെയും രേഖപ്പെടുത്തപ്പെട്ടിട്ടില്ല ഈ വിദ്യാലയം സ്ഥാപിക്കപ്പെട്ട നാൾവഴികൾ. സ്കൂളിൻറെ ചരിത്രം അറിയാനുള്ള അന്വേഷണ തൃഷ്ണയുമായി വിക്കിപീഡിയ തിരഞ്ഞാൽ നിരാശപ്പെടേണ്ടി വരും. പതിരായിര കണക്കിന് തലമുറകൾക്ക് അക്ഷര വെളിച്ചം പകർന്നു നൽകിയ ഈ വിദ്യാലയത്തെ കുറിച്ച് വരും തലമുറക്ക് മനസ്സിലാക്കാനെങ്കിലും ചരിത്ര വിവരങ്ങൾ തിരഞ്ഞ് രേഖപ്പെടുത്തേണ്ടത് നമ്മുടെ കടമയാണ്.



വടക്ക് ഭാരതപ്പുഴയും തെക്ക് ചീരക്കുഴി പുഴയും  പടിഞ്ഞാറ് ഗായത്രി പുഴയും കിഴക്ക് ചൂലന്നൂർ വന പ്രദേശവും അതിരിടുന്ന തിരുവില്വാമല ഗ്രാമപഞ്ചായത്തിൻറെ ഹൃദയ ഭാഗത്തായിട്ടാണ് ഈ സരസ്വതി ക്ഷേത്രം സ്ഥിതി ചെയ്യുന്നത്.1918 ലാണ് ഈ സ്കൂൾ സ്ഥാപിതമാകുന്നത്. കൊച്ചി രാജ്യത്തിൻറെ പ്രധാനമന്ത്രി സ്ഥാനം അലങ്കരിച്ചിട്ടുള്ള റാവു ബഹദൂർ ശ്രീ. ടി.കെ. നായരുടെ അച്ഛൻ സർവ്വശ്രീ നാരായണൻ നായരാണ് സ്കൂളിന് ആവശ്യമായ സ്ഥലം വിട്ടു നൽകിയത്. അന്നത്തെ സാമൂഹ്യ സാഹചര്യങ്ങൾ കാരണം പഠിതാക്കളായി പെൺകുട്ടികൾ വളരെ കുറവേ എത്തിയിരുന്നുള്ളൂയെന്നും പ്രായക്കൂടുതലുള്ള നിരവധി ആളുകൾ സ്കൂളിൽ ചേർന്നിരുന്നതായും പറയുന്നു. അധ്യാപകരായി കൂടുതലും തമിഴ് ബ്രാഹ്മണരെയായിരുന്നു നിയോഗിച്ചിരുന്നത്. ജൻമി ഗൃഹങ്ങളിൽ ബ്രാഹ്മണരായ അധ്യാപകരെ ക്ഷണിച്ചു വരുത്തി അവിടുത്തെ കുട്ടികൾക്ക് വിദ്യാഭ്യാസം നൽകിയിരുന്ന രീതിയുടെ ഒരു തുടർച്ച പോലെയായിരുന്നു ഈ സമ്പ്രദായവും.



പഞ്ചായത്തിൻറെ രാജപാതയായി അറിയപ്പെടുന്ന പ്രധാന പാത വന്നത് പതിനെട്ടാം നൂറ്റാണ്ടിൻറെ ഏതാണ്ട് അവസാന ദശകങ്ങളിലാണ്. 1927 ൽ ചീരക്കുഴിയിൽ പാലം വന്നതിലൂടെ ഒറ്റപ്പെട്ടു കിടന്നിരുന്ന ഈ പ്രദേശത്തിന് തൃശ്ശൂർ ഭാഗത്തേക്ക് സഞ്ചാര സൌകര്യമായി. 1975 ൽ ഭാരതപ്പുഴക്കു കുറുകെ ലക്കിടിയിൽ പാലം ഉയർന്നതിലൂടെ പാലക്കാട് ജില്ലയിലേക്കും ഈ പ്രദേശത്തു നിന്നും സഞ്ചാര സൌകര്യമായി. ഗതാഗത മേഖലയിൽ ഉണ്ടായ ഈ മാറ്റങ്ങളൊക്കെ തിരുവില്വാമല സ്കൂളിൻറെ വളർച്ചക്ക് ഗുണകരമായി.

# പുഞ്ചപ്പാടം



അഞ്ജന.എം

പുഞ്ചപ്പാടം പൂത്തു തളിർത്തു കഴിഞ്ഞില്ലേ കാണാൻ എന്ത് അഴക്

ആ പാടത്തിൽ ഞണ്ടുകൾ ഓടി കളിക്കുന്നത് കാണാൻ എന്തഴക്

പഞ്ചവർണ്ണക്കിളി കതിരു കുറിക്കണ കാണാൻ എന്തഴക്

ആ പാടത്ത് മീനുകൾ ഓടി കളിക്കണ കാണാൻ എന്തഴക്

മണ്ണഞ്ചേരി വാളുമായി പെണ്ണുങ്ങളെ കാണാൻ എന്തഴക്

പുഞ്ചപ്പാടം കൊയ്ത്തു തുടങ്ങിയത് കാണാൻ എന്തഴക്

കോഴിത്തീറ്റ കറ്റകൾ കൊതിച്ച മയക്കണ എന്തഴക്

ഞങ്ങളും ആ കറ്റകൾ പെണ്ണുങ്ങൾ തല്ലിക്കൊഴിക്കുന്ന കാണാൻ എന്തഴക്

പെണ്ണുങ്ങൾ പാട്ടുകൾ പാടണ കാണാൻ എന്തഴക്

നെൽമണി വാരി പറയിൽ നിറക്കണ കാണാൻ എന്തഴക്

തമ്പുരാന്റെ ആളുകൾ നെല്ല് പൊട്ടുന്നത് എന്താണത്



shutterstock.com • 570809650


# BOOKS



RANJITHA.R
9 B

What worlds of wonder are our books!
As one open them and look.
New ideas and people rise
In our faces and our eyes

The room we sit in melts away
And we find ourselves at play
With someone who, before the end
May become our chosen friend.



Or we sail along the page
To some other landor age,
Her's our mind is over there

Each book is a magic box
Which with a touch a child unlocks.
In between their outside covers
Books hold all things for their lovers.

# അമ്മ



അഞ്ജന.എം

10 B

പൊന്നു താരകം പോലെ മിന്നും

കുഞ്ഞി കവിളിലൊരുമ്മ നൽകി

അമ്മിഞ്ഞയുണ്ണുന്ന കുഞ്ഞി കുരുന്നിനും

അമ്മ നൽകീട്ടുന്ന ചോറുരുള.....

സ്നേഹാമൃതം ചേർത്ത് ചോറൂണ്

കുഞ്ഞിക്കാൽ ഓടി തളരുമ്പോൾ

ഉണ്ണിക്കൈ രണ്ടിലും ഉമ്മ നൽകി

കുഞ്ഞിളം ചുണ്ട് തുറന്നു കരയുമ്പോൾ

വാരിപ്പുണരുന്നു എന്നമ്മ

അമ്മയെ ചുറ്റും വട്ടം കറങ്ങി

സങ്കടമൊക്കെയും ഞാൻ പറഞ്ഞു

കണ്ണുനീർ അമ്മ തുടച്ചു തന്നു

അമ്മേ അമ്മേ എന്നുടെ പൊന്നമ്മേ

രാരീരം പാടാമോ എന്നെ പാടി ഉറക്കാമോ...






# <u>മിസൈൽമാൻ ഓഫ് ഇന്ത്യ</u>

ചെറുപ്പത്തിൽ തന്നെ വിമാനത്തോട് ഒരു പ്രത്യേക ഇഷ്ടമായിരുന്നു. ഒരുപാട് ബുദ്ധിമുട്ടിയ ജീവിതമായിരുന്നു അദ്ദേഹത്തിന്റേത്. ഒരു പാവപ്പെട്ട കുടുംബമായിരുന്നു ആ വ്യക്തിയുടേത്. എന്നിട്ടും അദ്ദേഹം അറിയപ്പെട്ടത് "മിസൈൽമാൻ ഓഫ് ഇന്ത്യ" എന്നാണ്. ആരാണെന്ന് മനസ്സിലായിരിക്കും- ഡോക്ടർ എപിജെ അബ്ദുൽ കലാം. അദ്ദേഹത്തിന്റെ ജീവിതം ഒരുപാട് ദുരിതം നിറഞ്ഞതായിരുന്നു. ഒരുപാട് കഷ്ടപ്പാടും ബുദ്ധിമുട്ടും താണ്ടിയാണ് അദ്ദേഹം ഇവിടം വരെ എത്തിയത്. അദ്ദേഹത്തിന്റെ അച്ഛൻ ജയിനുലാബ്ദീൻ മരയ്ക്കാർ ഒരു മീൻ കച്ചവടക്കാരനായിരുന്നു. അച്ഛന്റെ തൊഴിലിൽ ഒരു നാണക്കേടുമില്ലാതെ മകനും അതേ ജോലി പിന്തുടർന്നു. മകന്റെ പഠനത്തിന് വേണ്ടി അച്ഛനും അമ്മയും ഒപ്പം മകനും കഠിനമായി അധ്വാനിച്ചു. രാത്രി പകൽ എന്നില്ലാതെ കഠിനമായി പഠിച്ചു. ശാസ്ത്രജ്ഞൻ എന്ന പദവിയിലെത്താൻ കഠിനമായി അധ്വാനിച്ചു. എന്നും ഒരു സ്വപ്നമായി അദ്ദേഹം വളരുന്നതിനൊപ്പമായി ശാസ്ത്രജ്ഞൻ എന്ന പദവിയും അതിയായി ആഗ്രഹിച്ചു. ചെറുപ്പത്തിൽ തലയ്ക്ക് മീതെ കൂടി പറക്കുന്ന വിമാനത്തെ നോക്കി അത്ഭുതപ്പെടുമായിരുന്നു. പിന്നീടാണ് അതിനു പിന്നിലെ കാര്യം മനസ്സിലായത്. അങ്ങനെ അദ്ദേഹം വളർന്നു വലുതായി ഇന്ത്യയുടെ പ്രസിഡന്റായി. അതിലുപരി അതിഗംഭീരമായ ഒരു ശാസ്ത്രജ്ഞനായി. ഇപ്പോൾ അദ്ദേഹം എത്തിപെട്ടിരിക്കുന്നത് തലയ്ക്കുമീതേ പറന്ന വിമാനത്തിന് അടുത്തേക്കാണ്. ഒരിക്കലും വിചാരിക്കാത്ത സ്ഥലത്തേക്കാണ് അദ്ദേഹം എത്തിപ്പെട്ടത്. ഇപ്പോൾ അദ്ദേഹം ഒരുപാട് ബഹിരാകാശ വിക്ഷേപണം നടത്തിക്കഴിഞ്ഞു. പലതും വിജയിക്കുകയും പലതും പരാജയപ്പെടുകയും ചെയ്തു. എന്നിട്ടും അദ്ദേഹം പരാജയം വിജയത്തിൻറെ മുന്നോടി ആയി കണ്ട് മുന്നോട്ടുപോയി. അദ്ദേഹത്തിൻറെ ജീവിതം എല്ലാവർക്കും ഒരു പ്രചോദനമാണ്. അദ്ദേഹത്തിൻറെ കർമ്മമാണ് അദ്ദേഹത്തിൻറെ വിധി മാറ്റി മറിച്ചത്.

# WELCOME TO THE NIGHT



ASWATHY.T.R
9 B

To all of you who crawl and creep,
who buzz and chirp and hoot and peep,
who wake at dusk and throw off sleep
Welcome to the night

To you who make the forest sing,
who dip and dodge on silent wing,
who flutter, hover, clasp and cling:
Welcome to the night!

Come feel the cool and shadowed breeze,
come smell your way among the trees,
come touch rough bark and leathered leaves:
Welcome to the night.




# ALEXANDER FLEMING

NANDHANA.C.N
8 D

World Famous Scientist
(bacteriologist)

***ALEXANDER FLEMING (1881-1955)***

The Scottish doctor and bacteriologist who worked in St. Mary's Hospital, Praed Street. On 3rd September 1928, Fleming, Professor of Bacteriology returned from a holiday and while clearing away his Petri dish of bacteria, noticed that one of them had been penicillin, the first antibiotic used to treat diseases .In 1944 , Fleming was honoured with a Knighthood and in 1945 ,shared a Nobel Prize with Chain and Flora



# കടലിനടിയിലെ സുഹൃത്ത്



മുഹമ്മദ് അനസ്സ്.എം.എ
9 E

മാരകമായ അസുഖം പിടിപെട്ട് രാജകുമാരിയെ രക്ഷിക്കാൻ ഏഴ് സമുദ്രങ്ങൾ താണ്ടി എട്ടാം സമുദ്രാന്തർ ഭാഗത്തെ കടൽ പൂ കൊണ്ടുവരാൻ പോയ രാജകുമാരന്റെ കഥ കൂട്ടുകാർ കേട്ടിരിക്കുമല്ലോ. എട്ടാം സമുദ്രത്തിലൂടെ രാജകുമാരൻ കടൽകുതിരപ്പുറത്ത് സഞ്ചരിക്കുന്നതായും കഥയിൽ ഉണ്ട്. എന്നാൽ മനുഷ്യന് സഞ്ചരിക്കാൻ തക്ക വലുപ്പം ഉണ്ടോ കടൽ കുതിരകൾക്ക്? ഇല്ലെന്ന് നമുക്ക് അറിയാം. കുഞ്ഞിനെ പ്രസവിക്കുന്ന അച്ഛന്മാർ എന്നും ഈ വിചിത്ര മത്സ്യത്തിന്റെ പേര്. രസകരവും കൗതുകവുമാണ് ഈ കുതിരവാലൻമാരുടെ വിശേഷങ്ങൾ.

## <u>മാന്ത്രിക കുതിരയോ?</u>

പണ്ട് മുതൽക്കുതന്നെ കടൽ കുതിരയുടെ രൂപം മനുഷ്യരെ ആകർഷിച്ചിരുന്നു. പഴയ ഏതൻസിലെ ജനങ്ങൾ ആകട്ടെ കടൽ കുതിരകൾക്ക് മാന്ത്രികശക്തി ഉണ്ട് എന്ന് വിശ്വസിച്ചവർ ആയിരുന്നു. പ്രസവിക്കാനുള്ള കഴിവ് ഉണ്ടായത് മാന്ത്രികശക്തി ഉള്ളത് കൊണ്ടായിരുന്നു എന്നാണ് അവർ കരുതിയത്.

ഒന്നാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന പ്ലീനി എന്ന ജന്തുശാസ്ത്രജ്ഞൻ ആണ് കടൽ കുതിരയെ കുറിച്ചുള്ള വിവരം ആദ്യമായി ലോകത്തെ അറിയിച്ചത്. ഔഷധ ശക്തിയുള്ള മത്സ്യമാണ് ഇതെന്ന് ശാസ്ത്രജ്ഞൻമാർ കണ്ടെത്തിയിട്ടുണ്ട്. കുതിരയുടേതു പോലെ കഴുത്തും തലയുമുണ്ട് കടൽകുതിരക്ക്. ചിറകുണ്ടെങ്കിലും ഈ പാവത്താൻമാർക്ക് നീന്താൻ ഒന്നും അറിയില്ല. മുകളിലേക്ക് കുതിച്ചു തെന്നിത്തെന്നി സഞ്ചരിക്കുന്നത് കൊണ്ട് കൂടിയായിരിക്കും കുതിര എന്ന പേരുണ്ടായത്. ഇന്ന് അക്വേറിയങ്ങളിൽ ധാരാളമായി കാണാം.

## <u>വാലൻമാർ കുഞ്ഞന്മാർ</u>

ആകൃതിയിലും സ്വഭാവത്തിലും മറ്റു മത്സ്യങ്ങളിൽ നിന്ന് കടൽ കുതിരകൾ വ്യത്യസ്തരാണ്. വളക്കാവുന്ന വാൽ കടൽ ചെടികളിൽ ചുറ്റിപ്പിടിച്ചു കഴിയാൻ ഇവരെ സഹായിക്കുന്നു. കടലിലെ സൂക്ഷ്മ ജീവികളാണ് ഇവയുടെ പ്രധാന ആഹാരം. പരിസരങ്ങൾക്കു യോജിച്ച നിറങ്ങൾ സ്വീകരിക്കാൻ കഴിയുന്ന കടൽകുതിരകൾ പൊതുവേ ചാരവും കറുപ്പുനിറം കലർന്നതുമാണ്. ഇന്ത്യൻ മഹാസമുദ്രത്തിലും മധ്യധരണ്യാഴിയും ഒഴികെ കടൽ കുതിരകൾക്ക് ചുവപ്പോ ,മഞ്ഞയോ വെള്ളയോ വരകൾ കാണാം. ഇന്ത്യൻ മഹാസമുദ്രത്തിൽ ഈ ഇനത്തിൽ പെടുന്നവ കാണപ്പെടുന്നു. ലോകമാകെ 50 സ്പീഷീസുകൾ ഈ വിഭാഗത്തിലുണ്ട്.




ഭൂമിയിലെ വർണ്ണപരമായി കാട്ടുന്ന പച്ചപ്പുനിറഞ്ഞ വനങ്ങളും കടലുകളും നദിയും എത്ര മനോഹരമാണ് കാണാൻ. പഞ്ഞിക്കെട്ടുകൾ പോലെ നിൽക്കുന്ന മനോഹരമായ മേഘങ്ങൾ. സന്ധ്യാസമയത്ത് വർണ്ണ പരമായ ആകാശം ഓരോ ദിവസം തോറും നീല, വെള്ള, ഓറഞ്ച്, റോസ്, മഞ്ഞയും ഓറഞ്ചും നീലയും വെള്ളയും കലർന്ന മേഘങ്ങൾ മലകളെ ഭംഗി ആക്കി കൊണ്ടിരിക്കുന്ന വനങ്ങൾ നന്മകൾ തണലും ശുദ്ധവായുവും ഫലങ്ങളും തരുന്ന പച്ചപ്പായി വിരിഞ്ഞു നിൽക്കുന്ന മരങ്ങൾ. മലകളിലെ വലുതാക്കി കാണിക്കുന്ന പാറകൾ. പാറകളെ അലങ്കരിച്ച് തലയുയർത്തി കാണിക്കുന്ന മനോഹരമായ പൂക്കൾ. കേരളത്തിൻറെ തലയുയർത്തി നിൽക്കുന്ന തെങ്ങുകൾ. ഒരു ഗ്രാമത്തെ മുഴുവനായി അലങ്കാര പെടുത്തുന്ന അമ്പലങ്ങളും മരങ്ങളും നദിയും അമ്പലത്തിൻറെ അടുത്തായി പടർന്ന് പന്തലിച്ച നിൽക്കുന്ന ആൽമര തറകൾ ഭൂമിയിൽ പൂക്കളിൽ നിന്ന് തേൻ നുകരാൻ ആയി പുള്ളി പുള്ളി പൂമ്പാറ്റകൾ പ്രകൃതിയെ ആസ്വദിക്കാൻ വേണ്ടി പകൽ സമയത്ത് സൂര്യനെ അയച്ചിരിക്കുന്നു. രാത്രി സമയത്ത് ഭൂമിയെ മനോഹരമാക്കാൻ വേണ്ടി അമ്പിളി മാമനോടൊപ്പം വാരി വിതറി എറിഞ്ഞ മുല്ലമൊട്ടുകൾ പോലുള്ള മിന്നിത്തിളങ്ങുന്ന മനോഹരമായ മിന്നാമിന്നി കൂട്ടങ്ങൾ



# WATER RESERVIORS IN KERALA

ATHIRA.A
8 D

There are 57 large dams in Kerala .Four of them are under the control of Tamil Nadu. The total active water holding capacity of all these dams together is 5.806 B C M (Billion Cubic Meter ). It is just 7.4% of the total discharge in all the 44 rivers together (source; water resource of Kerala -1974). Only 7 out of the 57reservocrs have 0.20 B C M storage capacity. These reservoirs have 74% active storage capacity of the total water holding capacity.


| No | Reservoir | Active Storage Capacity |
|---|---|---|
| 1 | Idukki | 1460 |
| 2 | Idamalayar | 1018 |
| 3 | Kallada | 438 |
| 4 | Kakki | 447 |
| 5 | Parambikulam (for the use of Tamil Nadu) | 380 |
| 6 | Mullaperiyar (for the use of Tamil Nadu) | 271 |
| 7 | Malampuzha | 227 |

# എന്റെ അമ്മ

ശ്രുതി.എസ്
10 B

ഇന്ന് ഈ ലോകത്ത് ഞാൻ ഉണ്ടെങ്കിൽ അതിന് കാരണം എന്റെ അമ്മയാണ്. എന്നെ 10 മാസം ഉദരത്തിൽ ചുമന്നു , പിന്നെ ഭൂമിയിൽ വീണതിന് ശേഷം തന്റെ നെഞ്ചിലാണ് ചുമക്കുന്നത്. കരയുമ്പോൾ ആശ്വസിപ്പിക്കുക, ചിരിക്കുമ്പോൾ അത് പങ്കുവയ്ക്കുകയും ചെയ്യുന്നു . ഞാൻ എത്ര ദേഷ്യപ്പെട്ടാലും എൻറെ മേൽ ഉള്ള സ്നേഹം കുറയ്ക്കുകയോ അഭിനയിക്കുകയോ ചെയ്യുന്നില്ല. എന്നെ എത്ര ചീത്ത പറഞ്ഞാലും ആ നിമിഷം മാത്രമാണ് ദേഷ്യം കാണാറുള്ളത്. ചെറിയ കുസൃതികൾ കാണിക്കുമ്പോൾ തല്ലുകയും കരഞ്ഞാൽ ഒരു തണലായി നിൽക്കുകയും ചെയ്യുന്നു എന്റെ അമ്മ . സ്നേഹത്തിന് ഒരു കുറവും തരാത്ത എൻറെ അമ്മയാണ് എനിക്ക് ഏറ്റവും ഇഷ്ടം. അച്ഛൻ ചീത്ത പറയുമ്പോൾ ഞാൻ ചെയ്ത കുറ്റം ഏറ്റെടുക്കുന്നു. ഞാൻ എന്തെങ്കിലും കുറ്റമോ കുസൃതിയോ ചെയ്താൽ അങ്ങനെ ചെയ്യരുത് എന്നും, അതുകൊണ്ട് പ്രശ്നം ഉണ്ടാവുമെന്ന് മനസ്സിലാക്കി തരും. ഇങ്ങനെ എന്നെ ഒരു നിധിപോലെ സൂക്ഷിക്കുന്നു.

I love you my dear mother





# ഗതി മാറുന്ന പഠന വഴികൾ

Abhisha.P.B
9 B

ശാസ്ത്രവും സാങ്കേതികവിദ്യകളും എത്ര വേഗമാണ് വളരുന്നത്. ചാൾസ് ബാബേജ് കമ്പ്യൂട്ടറിൻറെ പ്രാകൃത രൂപമെന്ന് വിശേഷിപ്പിക്കുന്ന ഡിഫൻസ് മെഷീൻ ഉണ്ടാക്കിയത് 1822- ലാണ്. ആധുനിക കമ്പ്യൂട്ടറിൻറെ മുത്തച്ഛനായ ഏനിയാക് നിർമ്മാണം തുടങ്ങിയത് 1943-ലാണ്. ആ കാൽവെപ്പിന് വേണ്ടി വന്നത് 120 ലേറെ വർഷങ്ങൾ. ഇനി മൊബൈൽ ഫോണിൻറെ കാര്യം, ഇന്ത്യയിൽ ആദ്യമായി മൊബൈൽ ഫോണിലൂടെ ആശയവിനിമയം തുടങ്ങിയത് 1995-ലാണ്. 2019 ആയപ്പോഴേക്കും ഇന്ത്യയിലെ 81 കോടിയിലധികം ജനങ്ങൾ മൊബൈൽ ഫോൺ ഉടമകളായി.

മനുഷ്യർ ഇനി ഭാവിയെക്കുറിച്ച് ഭാവന ചെയ്യാൻ ആവില്ല എന്നാണ് ഗവേഷകർ പറയുന്നത്. കരണം അത്രയ്ക്ക് വേഗത്തിലാണ് സാങ്കേതികവിദ്യയും ജീവിതസാഹചര്യങ്ങളും മാറുന്നത്. 2020 ജനുവരി ഒന്നിന് പുതിയൊരു ദശകം ആരംഭിച്ചിരിക്കുകയാണ്. ഈ ദേശത്തിൻറെ അവസാനത്തിൽ നാമെല്ലാം എവിടെയായിരിക്കും? എന്തായിരിക്കും ലോകത്തിൻറെസ്ഥിതി? പ്രവചിക്കുക എളുപ്പമല്ല. എങ്കിലും ചില കാര്യങ്ങൾ ഓർത്തു വയ്ക്കുന്നത് നന്നാകും. അതിൽ പ്രധാനം തുടർച്ചയായ വിദ്യാഭ്യാസമാണ്. കാണാപ്പാഠം പഠിച്ച് കാണാപ്പാഠം പഠിച്ച് പരീക്ഷയെഴുതി മാർക്ക് വാങ്ങുന്ന രീതിയോട് വിടപറയാം ചുറ്റും നടക്കുന്നതെന്ന് നന്നായി നിരീക്ഷിക്കാം ഇന്ന് പ്രൈമറി ക്ലാസുകളിൽ പഠിക്കുന്ന കുട്ടുകാർക്ക് അടുത്ത 10 വർഷം കഴിയുമ്പോൾ ചെയ്യേണ്ടിവരുന്നത് ഇന്ന് ലോകത്ത് നിലവിലില്ലാത്ത എന്തെങ്കിലും ജോലി ആയിരിക്കും എന്നാണ് പഠനങ്ങൾ പറയുന്നത് കാരണം ഓരോ വർഷവും ഇത് സാഹചര്യവുമായി പൊരുത്തപ്പെടുന്ന അതിന് മനുഷ്യർക്കു വേണ്ട കഴിവുകൾ അത്രമേൽ മാറുന്നുണ്ട് അതുകൊണ്ട് ജീവിതത്തിലുടനീളം പുതിയ പുതിയ കാര്യങ്ങൾ ഉത്സാഹത്തോടെ പഠിക്കുന്ന വിദ്യാർത്ഥികളായി നമുക്ക് തുടരാം സാങ്കേതികവിദ്യയുടെ സ്വാധീനം ഇങ്ങനെ വർധിക്കുമ്പോൾ മനുഷ്യർക്ക് കൈ മോശം വരാൻ സാധ്യതയുള്ള ചില കാര്യങ്ങളുണ്ട് സൗഹൃദങ്ങൾ പ്രകൃതിയോടുള്ള പ്രതിബദ്ധത തുടങ്ങിയവ അടുത്ത 10 വർഷത്തിനുശേഷം നമ്മൾ അനുഭവിക്കാൻ പോകുന്ന പ്രധാന പ്രശ്നങ്ങൾ അവയുമായി ബന്ധപ്പെട്ട താവും




## ഭൂഗോളത്തിൻറെ സ്പന്ദനം കണക്കിലാണ്

കണക്ക് അഥവാ ഗണിതം എന്നുപറഞ്ഞാൽ നമ്മുടെ മനസ്സിലേക്ക് ഓടിയെത്തുന്നത് സംഖ്യകളുടെ ലോകമാണ്. എന്താണ് കണക്ക് ? അക്കങ്ങൾ, അക്ഷരങ്ങൾ, സമവാക്യങ്ങൾ എന്നിവ ഉൾപ്പെടുന്നതാണ് കണക്ക് . ഗണിതശാസ്ത്രമാണ് ശാസ്ത്രത്തിൻറെ കവാടവും താക്കോലും എന്ന് പറയപ്പെടുന്നത് പ്രശസ്ത തത്വചിന്തകനായ റോജർ ബാക്കോൺന്റെ അഭിപ്രായത്തിലാണ്. ഒരു ശാസ്ത്രത്തിൽ ഗണിതം ഉപയോഗിക്കുന്നിടത്തോളം മാത്രമേ കൃത്യതയുള്ളൂ . അതിനാൽ ഗണിതശാസ്ത്രത്തിൽ ആരംഭിക്കാത്ത എല്ലാ ശാസ്ത്ര വിദ്യാഭ്യാസവും അതിൻറെ അടിത്തറയിൽ വികലമാണെന്ന് പറയപ്പെടുന്നു. ഗണിത ശാസ്ത്രത്തെ കുറിച്ച് അറിവില്ലാത്ത ഒരാൾക്ക് ലോകത്തിലെ മറ്റു കാര്യങ്ങൾ അറിയാൻ കഴിയില്ല. വീണ്ടും, മോശമായത് അങ്ങനെ അജ്ഞാതരായവർക്ക് സ്വന്തം അജ്ഞത തിരിച്ചറിയാൻ കഴിയുന്നില്ല,, പ്രതിവിധി തേടുന്നില്ല. അതിനാൽ സ്റ്റാൻഡ് പറയുന്ന "ഒരു പ്രകൃതിശാസ്ത്രം, ഗണിതശാസ്ത്രത്തെ സംബന്ധിച്ചിടത്തോളം ഒരു ശാസ്ത്രമാണ്". എല്ലാ ശാസ്ത്രത്തെയും പരിപൂർണ്ണമാക്കി ആധുനിക നാഗരികത കെട്ടിപ്പടുക്കുന്നതിൽ ഗണിതശാസ്ത്രം വളരെ പ്രധാനപ്പെട്ട പങ്കുവഹിച്ചിട്ടുണ്ട്. സയൻസ് ആൻഡ് ടെക്നോളജിയുടെ ഈ ആധുനികയുഗത്തിൽ, ഫിസിക്സ്, കെമിസ്ട്രി, ബയോളജി, മെഡിസിൻ, എഞ്ചിനീയറിംഗ് തുടങ്ങിയ ശാസ്ത്രത്തിന് ഊന്നൽ നൽകുന്നു. ഏതൊരു മാനദണ്ഡവും അനുസരിച്ച് ഒരു ശാസ്ത്രമായ മാത്തമാറ്റിക്സ്, ഈ ശാസ്ത്രങ്ങൾ എല്ലാം ഉപയോഗപ്പെടുത്തുന്ന കാര്യക്ഷമതയും ആവശ്യമുള്ളതുമായ ഉപകരണമാണ്. വാസ്തവത്തിൽ ഈ ശാസ്ത്രങ്ങൾ എല്ലാം ഗണിത ശാസ്ത്രത്തിൻറെ സഹായത്തോടെ മാത്രമേ പുരോഗമിക്കുകയുള്ളൂ. അതിനാൽ ഗണിതശാസ്ത്രം എല്ലാ ശാസ്ത്രങ്ങളുടെയും എല്ലാ കലകളുടെയും ഒരു ശാസ്ത്രമാണ്. പ്രധാനമായും ആശയങ്ങൾ, പ്രക്രിയകൾ, യുക്തി എന്നിവയുമായി ബന്ധപ്പെട്ട മനുഷ്യ മനസ്സിൻറെ സൃഷ്ടിയാണ് ഗണിതം. ഗണിതശാസ്ത്രം ഒരു ചിന്താമാർഗ്ഗമാണ്. ഇത് മനുഷ്യ മനസ്സിൻറെ ശക്തിയെക്കുറിച്ച് ഒരു ഉൾക്കാഴ്ച നൽകുന്നു.ചില ആളുകളുടെ അഭിപ്രായത്തിൽ കണക്ക് എന്നത് സങ്കീർണ്ണമായ സൂത്രവാക്യങ്ങളുടെയും കണക്കുകൂട്ടലുകളുടെയും ഉപയോഗം മാത്രമാണ്. എന്നാൽ യഥാർത്ഥത്തിൽ നിത്യജീവിതത്തിൽ അത്യന്താപേക്ഷിതമാണ് ഗണിതം. നമ്മൾ ഇപ്പോഴും നോക്കുന്ന ഘടികാരത്തിലുമുണ്ട് കണക്ക്. എല്ലാ തൊഴിൽ മേഖലകളിലും കണക്ക് അത്യന്താപേക്ഷിതമാണ്.

"Mathematics may not teach us how to add happiness how to subtract sadness, But it does teach one important every problem has a solution."

# ചങ്ങായിമാർ



അഞ്ജന.എം

10 ബി

കൂട്ടിന് ആരും ഇല്ലാതെ തനിച്ചിരുന്നതാം എൻറെ ബാല്യം

നാളുകൾ പോയ് മറഞ്ഞു

ഇരുളോ വന്നു പോയി

കാറ്റുകൾ ദിശമാറി വീശി

എങ്ങും മൗനമാം കൂരിരുട്ടുകൾ

എങ്ങുനിന്നോ വന്നൊരാ കുസൃതി കൂട്ടം

ദൈവം എനിക്ക് തന്ന മധുരമാം തേൻകണം

കളികൾ പറഞ്ഞ് ഉല്ലസിക്കാനും

കരയുമ്പോൾ കണ്ണുനീർ ഒപ്പീടാനും

ചിരിക്കുമ്പോൾ കൂടെ ചിരിക്കാനും

എന്നും എപ്പോഴും എനിക്ക് തണലായ് നിന്നവർ

മിന്നാമിനുങ്ങിൻ കൂട്ടമായി

പനിനീർ പൂവിൻറെ മാധുര്യവുമായി

എനിക്കായി ദൈവം തന്ന നിധി

അതാണ് എന്റെ ചങ്ങായിമാർ

# LIFE

SREENIVEDHYA.S
8 D

## LIFE

What is this life, if full of care
We have no time to stand and stare

No time to stand beneath
the boughs

And stare as long as sheep or cows

No time to see when woods
we pass where squirrels hide their
nuts in grass

No time to turn at beauty’s
glance streams  full of stars
like skies at night

No time to wait till her
mouth can enrich that smile
her eyes began

A poor life this if full of
care

We have no time to stand
and stare

# EVERYTHING
# **MOM**



RAHUL.T.R
9 B

## EVERYTHING MOM

How did you find the energy, Mom
To do all the things you did,
To be teacher, nurse and counsellor
To me, when i was a kid.
How did you do it all, Mom,
Be a chauffeur, cook and friend,
Yet find time to be a playmate,
I just can’t comprehend.
I see now it was love, Mom
That made you come whenever I’d call,
your inexhaustible love, Mom
And i thank you for it all.



# ***EINSTEIN***
# ***&***
# ***PYTHAGORUS***

## Albert Einstein( 1879- 1955)


German mathematical physicist. Famous for the Theory of Relativity. Motion is 'Relative' and therefore, can we measured only in relation to something else. According to him the only unchanging quantity is the speed of light. His work led to the making of nuclear bomb.

He established relationship between mass and energy the famous equation equal to $E= MC^2$.

He received the noble price in 1921.

## Pythagoras( 580 BC -500 BC)

A Greek mathematician and philosopher. His aim was to explain all natural phenomena in terms of mathematics. He is best known for the formulas of the proportions of the sides of a right angled triangle. The fundamentals of Modern mathematics, all based on Pythagoras ideas. He also worked out the mathematics of the harmonies that form the basis of Western music today.



EINSTEIN



PYTHAGORUS

# ചിതറിത്തെറിച്ച സ്വപ്നങ്ങൾ




അഞ്ജന.എസ്.നായർ

8 E


## ചിതറിത്തെറിച്ച സ്വപ്നങ്ങൾ



shutterstock.com • 249930760

പാലായന ത്തിന് ഒരുങ്ങിയ പാവം-

കുരുന്നുകൾക്ക് കിട്ടിയ സൗമ്യദേശാടനത്തിനായി

പുറപ്പെട്ടപ്പോൾ കഴിഞ്ഞകാലം തന്ന നിധി

സമയം കഴിഞ്ഞ് ഞാൻ

തേടാൻ കാലാന്തരങ്ങൾ മുന്നിൽ അണച്ച് വിധി

കായൽ സൗന്ദര്യം ആസ്വദിച്ചീടവെ

മറന്നിടുന്നു ഒരുനാൾ അസ്ഥി പഞ്ജരമായ് കാലം

സമ്മാനിച്ച ആ സുദിനം

എൻ സ്വപ്നങ്ങൾ എല്ലാം നിലം പതിച്ചു

ആ കുഞ്ഞു മനസ്സിൽ എവിടെയോ

വീണ നോവിൽ പുളകിതയായി കാലം

സമ്മാനിച്ചത് ഒന്നിൻ കാണാമറയത്തായി എൻ സൗഹൃദം

എൻ കാലം നയിച്ചീടവെ മണ്ണിലേക്ക് പറന്നു ഞാൻ കൂട്ടുതേടി .

# IN THE BAZAARS
## OF
# HYDERABAD



MIDHUN P SREERAM
10 C


What do you see o ya merchants
richly your wares are displayed
turbans of Crimson and silver
tunics of purple brocade
mirror with panels of amber

What do you weigh, o ye vendor
saffron and lintel and rice
what do you Grand, o ye maidens
sandalwood Hanna and spices
what do you call, o ye pedlar
chessman and ivory dice

What do you make , o ye goldsmiths
wrist lent and anklet ring
bell for the feet of the blue pigeons
frail as a dragon figs wings
girdles of gold for dancers
scabbards of gold for the king

What do you cry, o ye fruit man
citron, pomegranate, and plum
what do you play, o ye musicians
spell for aeons to come

What day you cay, o ye fruit men
with tassel of azure and red
crowns for the brow of a bridegroom
chapter to garland his bed
sheets of white blossoms new
garnered
to perfume the sleep of the........



# ജീവശാസ്ത്രം



മുഹ്സിന ഹസീൻ.ടി.കെ
9E

ജീവനെക്കുറിച്ചും ജീവികളെക്കുറിച്ചും പ്രതിപാദിക്കുന്ന ശാസ്ത്രശാഖയാണ് ജീവശാസ്ത്രം. ജീവികളുടെ ഘടന, ധർമ്മം, വളർച്ച,, ഉത്ഭവം, പരിണാമം , വർഗ്ഗീകരണം തുടങ്ങിയ കാര്യങ്ങൾ ജീവശാസ്ത്രത്തിൻറെ പരിധിയിൽ വരുന്നു. വിവിധ ഉപവർഗ്ഗങ്ങളും വിഷയങ്ങളും അടങ്ങുന്ന ഒരു ബ്രഹത് ശാഖയാണ് ജീവശാസ്ത്രം. ഏറ്റവും സൂക്ഷ്മജീവി മുതൽ തിമിംഗലങ്ങൾ വരെയുള്ള എല്ലാ ജന്തുക്കളിലും സ്വകീയം വരെയുള്ള സസ്യങ്ങളിലും ജീവൻറെ തുടിപ്പുകൾ ഏകദേശം ഒരേ പ്രകാരത്തിൽ കാണപ്പെടുന്നു. ഈ ജൈവ അടിസ്ഥാനം ,അവ പ്രകടിപ്പിക്കുന്നത് നിരന്തരമായി ജീവ കോശങ്ങളിൽ നടക്കുന്ന ഉപാപചയ പ്രവർത്തനങ്ങളിലൂടെയാണ്. അതിനാൽ ജീവന്റെ അടയാളമായി ഉപാപചയ പ്രവർത്തനങ്ങളെ കണക്കാക്കുന്നുണ്ട്. ഇത്തരം അടിസ്ഥാന സ്വഭാവവിശേഷങ്ങൾ നിലനിർത്തിക്കൊണ്ടുതന്നെ ജീവികൾ കാലത്തിനും സ്ഥലത്തിനും അനുകൂലപ്പെട്ട പരിണമിക്കുകയും നിലനില്ക്കുകയും നശിക്കുകയും ചെയ്യുന്നു .ഉൽപരിവർത്തനം പോലെയുള്ള ക്രോമസോം ജീൻ ആകസ്മികവ്യതിയാനങ്ങൾ ഒറ്റപ്പെടൽ എന്നിവ വഴി പുതിയ ഉപവർഗ്ഗങ്ങൾ രൂപപ്പെടുന്നു.

ഓരോ ജീവിയും പരസ്പരാശ്രയത്തിലൂടെ, പരിസ്ഥിതിയുടെ സമരസപ്പെട്ടു ജീവിക്കുന്നു. ചില ജീവിവർഗ്ഗങ്ങൾ മറ്റുള്ളവർക്കുമേൽ ആദ്യം അധികമായി അധീശത്വം നേടുന്നത് വഴി ,ചില വർഗ്ഗങ്ങൾ വംശനാശവും ആവാസവ്യവസ്ഥയുടെ ശോഷണവും നടക്കുന്നു. അധീശത്വത്തിലൂടെ ജീവന്റെയെന്തായി മനുഷ്യൻ മാറുന്നു. എങ്കിലും മഹാമാരികൾക്ക് മുമ്പിൽ അവൻ നിരായുധനാകുന്നു. നിങ്ങൾ ആദിമ കോശത്തിൽ നിന്ന് ഇന്നത്തെ അനിവാര്യമായി ജീവധർമ്മങ്ങളും അവയുടെ പാരമ്പര്യം കൈമാറ്റവും പഠിക്കുന്ന അതിബൃഹത്തായ ശാഖയാണ് ജീവശാസ്ത്രം .ജീവശാസ്ത്രത്തിൻറെ പിതാവ് എന്നറിയപ്പെടുന്നത് അരിസ്റ്റോട്ടിൽ.

- എയറോ ബയോളജി- വായുവിലുള്ള ജൈവകണങ്ങളെ കുറിച്ചുള്ള പഠനം.
- കൃഷി ശാസ്ത്രം- വിള പരിപാലനത്തെ പറ്റിയും, മൃഗ പരിപാലനത്തെ പറ്റിയും പ്രായോഗികമായ പഠനം .
- അനാറ്റമി- സസ്യങ്ങളെയും ജന്തുക്കളെയും മനുഷ്യരിൽ പ്രത്യേകിച്ചും രൂപം ധർമ്മം എന്നിവരെ പറ്റിയുള്ള പഠനം.
- ഹിസ്റ്റോളജി- കോശങ്ങൾ കലകൾ എന്നിവയെപ്പറ്റിയുള്ള സൂക്ഷ്മ പഠനം.
- പ്രപഞ്ച ബാഹ്യ ജീവശാസ്ത്രം- പ്രപഞ്ചത്തിലുള്ള ജീവൻറെ പരിണാമം ,വിതരണം,ഭാവി എന്നിവയെ കുറിച്ചുള്ള പഠനം.
- ജൈവരസതന്ത്രം- ജീവനു നിലനിൽക്കാനും പ്രവർത്തിക്കാനും ആവശ്യമായ രാസ പ്രവർത്തനങ്ങളെ പറ്റിയുള്ള പഠനം .
- പേര് കണ്ടെത്തൽ പഠനം.

ഇവയെല്ലാം ജീവ ശാസ്ത്രത്തിൻറെ ശാഖകളിൽ ചിലതാണ്.



# കലാരൂപങ്ങൾ



പ്രത്യുഷ്.വി.പി
9 D

***1.*** തെയ്യം

വടക്കൻ മലബാർ പ്രദേശങ്ങളിൽ പ്രചരിച്ചിട്ടുള്ള അനുഷ്ഠാന കലാരൂപമാണ് തെയ്യം.

***2.*** പടയണി

കുംഭം, മീനം മാസങ്ങളിൽ കേരളത്തിലെ ഭഗവതി ക്ഷേത്രങ്ങളിൽ പ്രത്യേകിച്ച് കുട്ടനാടൻ പ്രദേശങ്ങളിൽ സാധാരണ നടത്താറുള്ള അനുഷ്ഠാനകലയാണ് പടയണി.

***3.*** കഥകളി

കേരളീയരുടെ നാട്യകലാവിശേഷങ്ങളിൽ പ്രഥമഗണനീയനാണ് കഥകളി. അഭിനയത്തിന് വകഭേദങ്ങളായ നൃത്തം, നൃത്യം, നാട്യം എന്നിവയും ആംഗികം, സാത്വികം, ആഹാര്യം എന്നിവയും ഇവയിൽ സമഞ്ജസമായി സമ്മേളിച്ചിരിക്കുന്നു.

***4.*** ചവിട്ടുനാടകം

പോർച്ചുഗീസുകാരുടെ വരവിനുശേഷം ഇവിടെയുണ്ടായ ഒരു കലാരൂപമാണ് ചവിട്ടുനാടകം. പാശ്ചാത്യ നാടകങ്ങളുടെ ചില അംശങ്ങൾ ഈ കലാരൂപത്തിൽ കാണാൻ കഴിയും.






ഏകാന്തതയിൽ ഒഴുകുന്ന പുഴ. അതിമനോഹരമായ പുഴ... അരികിൽ ഒരു കൊച്ചുകുടിൽ അതിൽ ഒരു ഭാര്യയും ഭർത്താവും ഉണ്ട്. ഒറ്റപ്പെട്ട ആ കുടിലിൽ അവർ മാത്രം. പത്തുവർഷമായി കുട്ടികളില്ലാത്ത വിഷമം അവരെ അലട്ടുന്നു ഇങ്ങനെ ഇക്ക ഇരിക്കെ ഒരുനാൾ ഭാര്യ പുഴക്കരികിൽ വെള്ളമെടുക്കാൻ വരുമ്പോൾ അവിടെ പുഴക്ക് അരികിൽ ഒരു തുണിയിൽ പൊതിഞ്ഞ് എന്തോ കിടക്കുന്നത് കണ്ടു. ഭാര്യ അത് എന്താണെന്നറിയാൻ ഭാര്യ അടുത്തേക്ക് പോയി. ഭാര്യ ചെന്നതും കണ്ടത് ഒരു കൈക്കുഞ്ഞിനെ ആയിരുന്നു ഭാര്യ കുഞ്ഞിനെ വാരിയെടുത്ത് മാറോടണച്ചു കൊണ്ടു പറഞ്ഞു. പാവം ആരോ ഈ കുഞ്ഞിനെ ഇവിടെ ഉപേക്ഷിച്ചിരിക്കുന്നു കുഞ്ഞുങ്ങൾ ഇല്ലാത്ത വിഷമം എനിക്കല്ലേ അറിയൂ ആ അലട്ടൽ എനിക്ക് ജനിക്കാതെ പോയ ഈ പുത്രൻ എന്നിൽ നിന്ന് അകറ്റി പുഴക്കരികിൽ കൃഷി ചെയ്തു കൊണ്ടിരിക്കുന്ന ഭർത്താവിൻറെ അരികിലേക്ക് ഭാര്യ ചെന്നു. ഭർത്താവ് ആ കുട്ടിയെ കണ്ടു അത്ഭുതപ്പെട്ടു. അയാൾ ഭാര്യയോട് ചോദിച്ചു ഈ കുഞ്ഞ് ആരുടേതാണ് പറഞ്ഞു. ഞാൻ പുഴക്കരികിൽ വെള്ളമെടുക്കാൻ പോകുമ്പോൾഅവിടെ ഒരു തുണിയിൽ പൊതിഞ്ഞ് ഈ കൈക്കുഞ്ഞിനെ ആരോ ഉപേക്ഷിച്ചു പോയിരിക്കുന്നു. കുഞ്ഞുങ്ങൾ ഇല്ലാത്ത വിഷമം നമുക്കല്ലേ അറിയൂ. അപ്പോൾ ഭർത്താവ് പറഞ്ഞു" നമ്മുക്ക് ഈ കുഞ്ഞിനെ നമ്മുടെ കുഞ്ഞ് ആക്കി നമ്മുക്ക് ജനിച്ച് പുത്രനായി വളർത്താം. അവർ ആ കുഞ്ഞിനെ സ്നേഹവും കരുതലും കൊണ്ട് വളർത്തി വലുതാക്കി. അവൻ നന്നായി പഠിച്ചു. അവർ അവന് മഹേഷ് എന്ന് പേരു വച്ചു . അവൻ വളർന്ന് വലുതായി. അവൻ ഒരു IAS കാരനായി. അവൻറെ മാതാപിതാക്കളുടെ ആഗ്രഹം നിറവേറ്റി . അവനൊരു വിവാഹം കഴിക്കുകയും പിന്നീട് ഒരു പെൺകുഞ്ഞ് ഉണ്ടാവുകയും ചെയ്തു. അവൾക്ക് ലച്ചു എന്ന് പേരിട്ടു. അവളുടെ മാതാപിതാക്കളുടെയും മുത്തശ്ശിയുടെയും മുത്തശ്ശൻെറയും സ്നേഹത്തോടെ അവൾ വളർന്നു. അവൾക്ക് പത്തു വയസ്സുള്ളപ്പോൾ അവൾ അച്ഛനോട് ഒരു കാര്യം ആവശ്യപ്പെട്ടു. അത് എന്തായിരുന്നു വന്നോ" നമ്മുടെ വീടിനടുത്തുള്ള ഈ പുഴ എന്തിനാണ് അച്ഛാ" അതു വറ്റിച്ച് എനിക്ക് ഒരു പാർക്കും കളിവീടും നിർമ്മിച്ചു തരാമോ? മഹേഷ് ലച്ചുവിനോട് കോപിച്ചു . ലച്ചു....... നീ കരുതുന്നതുപോലെ അത് ഒരു സാധാരണ പുഴയല്ല.

എൻറെ ജീവനുതുല്യം ഞാൻ സ്നേഹിക്കുന്ന പുഴയാണ്. ഞാൻ മാത്രമല്ല നിൻറെ മുത്തശ്ശനു മുത്തശ്ശിയും നിൻറെ അമ്മയും കൂടി സ്നേഹിക്കുന്ന പുഴയാണ്, ഞങ്ങളുടെ ജീവിതം ഈ പുഴയിൽ നിന്നാണ് ആരംഭിക്കുന്നത്, അത്രയേറെ ഞങ്ങൾ മൂവരും പ്രാധാന്യം കൊടുക്കുന്ന പുഴയാണ്, നീ അറിയാതെ പോലും ഈ പുഴയെ വെറുക്കുകയോ അതിനെ നശിപ്പിക്കുവാൻ പറയരുത്. എന്ന് പറയുമ്പോൾ തന്നെ മഹേഷ് കരയാൻ തുടങ്ങി. ലച്ചു മോളും കരയാൻ തുടങ്ങി. അവർ രണ്ടുപേരും പരസ്പരം കണ്ണീർ തുടച്ചു. പിന്നീട് ലച്ചു അവളുടെ മാതാപിതാക്കളെ പോലെ യും മുത്തശ്ശിമുത്തശ്ശനെ പോലെയും ലച്ചു ആ പുഴയെ ജീവനുതുല്യം സ്നേഹിക്കാൻ തുടങ്ങി.

# GOTTFRIED LEIBNIZ

RASEENA.K
8 D

The German mathematician and philosopher. He was an outstanding thinker who developed a method of computation called calculus. Both Leibniz and the English scientist Isaac Newton (1642-1727) developed this theory simultaneously and independently and claimed to he the first. He also played an important role in European politics.



# ലയം




അഞ്ജന.എസ്.നായർ

8 E


ഇങ്ങെൻ മനസ്സിലെ കണ്ണീർ തടാകത്തിൽ

ചെന്താമരപ്പൂ വിരിഞ്ഞിരുന്നു.

ചന്തമെഴുന്ന നിൻ ചെന്തളിർ പാദങ്ങൾ

ചെന്താമര പൂവിൽ നിന്നിരുന്നു.

പൊന്നിൻകിരീടം അണിഞ്ഞിരുന്നു,

അതിൽ പീലികൾ ആടി കളിച്ചിരുന്നു.

ശംഖചക്രാദിൾ കൈയ്യിലേന്തിയങ്ങൂ

പുഞ്ചിരി  ളുകിയ ചുണ്ടുമായി,

പീതാംപരപ്പട്ട് ചാർത്തിയരുമയായ്

ശ്രീവത്സം മാറിൽ അണി ഞ്ഞിരുന്നു

മുത്തും പവിഴവും  ചാർത്തിയ നിന്മേനി

ചിത്തത്തിൽ ഞാനങ്ങു കണ്ടിരുന്നു.

നിന്നിൽ ലയിച്ചിണ്ടിരുന്നിടുമ്പോൾ കണ്ണാ

എന്നിലെയെന്നെ മറക്കുന്നു ഞാൻ

നിന്നിൽ ലയിച്ച മനസ്സുമാത്രം

കൊണ്ട് ആത്മസ്വരൂപമായി മാറിടുന്നു.



# കൂട്ടുകാരി

അഞ്ജന.എം

10 B

## കൂട്ടുകാരി

കൂട്ടുകൂടി ഉല്ലസിച്ചിടാൻ എന്നെ തേടി വന്ന ഒരു പൊൻ കിളി



കാറ്റിനോട് കഥ പറഞ്ഞും
പുഴകളോട് തമാശകൾ പറഞ്ഞും
കാട്ടുകൾ താണ്ടി മേട്ടുകൾ താണ്ടി
കണ്ണുപൊത്തി കളിച്ചും
കണ്ണും കണ്ണും നോക്കി
കൈകോർത്ത് ചിരിച്ചുല്ലസിച്ച്
കലപില കൊഞ്ചി ചിരിച്ചും
കളിവീടിനുള്ളിൽ മഞ്ഞു കൊള്ളിക്കാതെ
മാറോട് ചേർത്തണച്ചും
സ്നേഹത്തിൻറെ മാലാഖയായി എന്റെ
കരളിന്റെ കരളായ
ജീവന്റെ ജീവനായ
എന്റെ മാത്രം കളികൂട്ടുകാരി

..........................................................................................................................

# MARIE CURIE

ATHIRA.A
8 D

**MARIE CURIE**

The Polish- born physicist famous for her work on radio activity. She was the first to use the term ‘radioactive’ for substances that emit invisible forms of radiation. She also isolated two new radioactive elements Polonium and Radium. She was awarded the Nobel prize for physics in 1903 and for chemistry in 1911.






## ഉണ്ടായിരുന്നെങ്കിൽ ;വർദ്ധിക്കുന്ന കേരളത്തിലെ മായംചേർക്കൽ

വിദ്യാഭ്യാസവും വിവേകവും വർദ്ധിക്കുന്നതിന് അനുസരിച്ച് വിവരമില്ലായ്മയും വർദ്ധിക്കുന്നു എന്ന വാക്യം അന്വർത്ഥമാക്കുകയാണ് ചില ദിവസത്തെ പത്രങ്ങൾ കാണുമ്പോൾ. കേരളത്തിലെ നഗരങ്ങളിൽ ഒരു സ്ഥിര വാർത്തയാണിത്. നഗരങ്ങളിൽ മാത്രമല്ല ഇപ്പോൾ ഗ്രാമങ്ങളിലും വ്യാവസായിക വസ്തുക്കളിലും പച്ചക്കറികളും എല്ലാം മായം ചേർക്കൽ സ്ഥിരം ആയിട്ടുണ്ട്. മായംചേർക്കൽ നിയമപരമായ രീതി വെച്ച് നോക്കിയാൽ കഠിനമായ കുറ്റമാണ്. നിയമത്തെ അധികാരം കൊണ്ടും സമ്പത്തുകൊണ്ടും ധിക്കരിക്കാൻ കഴിയുന്നവരാണ് മായം ചേർക്കൽ നടത്തുന്നത്. ഭക്ഷണപദാർത്ഥങ്ങളിൽ, പലവ്യഞ്ജനത്തിൽ, സുഗന്ധവസ്തുക്കളിൽ, മരുന്നുകളിൽ, എണ്ണ വർഗ്ഗങ്ങളിൽ, പഞ്ചസാരയിൽ എന്നുവേണ്ട ഉപ്പുതൊട്ട് കർപ്പൂരം വരെ സകലതിനും മായം കാണുന്നുണ്ട്. ആരോഗ്യ വകുപ്പിൻറെ കീഴിലും വ്യവസായ വകുപ്പിന് കീഴിലും ഇത്തരം കുറ്റകൃത്യങ്ങൾ പിടികൂടാൻ വേണ്ടത്ര സംവിധാനം ഉണ്ടായിട്ടും ഇതെല്ലാം ഇവിടെ നിർബാധം നടക്കുകയാണ്. പാലിൽ വെള്ളം ചേർക്കുന്ന മായം മുതൽ തങ്കത്തിൽ ചെമ്പ് ചേർക്കുന്ന രീതിയിൽ വരെ മായം ഉണ്ടെന്നു പറഞ്ഞാൽ മായമില്ലാത്ത ഏതെന്ന് ഒരു ചോദ്യം വരും മായം ചേർക്കുന്നവർ അറിഞ്ഞുകൊണ്ട് തന്നെയാണ് ഈ സാമൂഹിക ദ്രോഹം ചെയ്യുക. പഴവർഗ്ഗങ്ങളുടെ മായംചേർക്കൽ വമ്പിച്ച പ്രത്യാഘാതം ആരോഗ്യമേഖലയിൽ സൃഷ്ടിക്കുകയാണ്. വളർച്ചയെത്താത്ത ഫലങ്ങൾ പറിച്ച് പൂട്ടിയിട്ട കാൽസ്യം കാർബൈഡ് വെള്ളത്തിൽ ലയിപ്പിച്ച് തളിക്കുന്നു, ഉച്ചമായ വിലയ്ക്കാണ് ഈ രാസവസ്തു ലഭിക്കുന്നത് കാരണം കാൽസ്യം കാർബൈഡ്, ആർസെനിക് ഫോസ്റ്ററസ് എന്നിവ അടങ്ങിയിട്ടുണ്ട്. ഈ രാസവസ്തുക്കൾ ആമാശയത്തിൽ തകരാറുകൾ സൃഷ്ടിക്കും. തലചുറ്റൽ, വയറിളക്കം, , ശ്വാസകോശസംബന്ധമായ രോഗങ്ങൾ, നെഞ്ചെരിച്ചിൽ, പുളിച്ചുതികട്ടൽ, വയറ്റിൽ ഉരുണ്ട്കയററം, ശ്വാസത്തിന് ചീഞ്ഞ മുട്ടയുടെയോ വെളുത്തുള്ളിയുടെയോ ഗന്ധം എന്നിവ ഉണ്ടാകും. പഴങ്ങളെ സ്വാഭാവികമായി പാകമാക്കുന്നത് എതിലീൻഎന്ന ഹോർമോണാണ്. കാൽസ്യം കാർബൈഡ് വെള്ളവുമായി ചേരുമ്പോൾ അസറ്റിലിൻ ഉണ്ടാകും. അത് പഴങ്ങൾക്ക് നിറം കൊടുക്കും. അകം പഴുക്കുകയില്ല, എത്രനാൾ ഇരുന്നാലും കേടാവുകയില്ല. അതുപോലെ കർഷകർ നടത്തുന്ന ഒരു മായം ഇതാണ് :നേന്ത്രവാഴകല പടല വിരിഞ്ഞു കുമ്പ് ഒടിക്കാൻ പാകമാകുന്ന സമയത്തിനുമുമ്പ് കുമ്പ് ഒടിക്കുന്നു. എന്നിട്ട് ഉണിയിൽ അല്പം അമോണിയ പരലുകൾ കറ പോകും മുമ്പ് കുലയിൽ വെച്ച് കെട്ടുന്നു അമോണിയയുടെ അംശം കായകൾക്ക് മുഴുപ്പും നിറവും കൊടുക്കുന്നു. ഇത്തരത്തിലുള്ള ആഹാരം ഭക്ഷിക്കുന്നവർക്ക് ഉദരരോഗം ഉറപ്പാണ്.

# മഴ



അഭിനവ്.പി.ആർ

9 B

## മഴ



ഉച്ചനേരത്ത് ഒരു കൊച്ചു മയക്കത്തിൽ
പിച്ച വെച്ച് എത്തിയ കാർമുകിലെ
തല്ലി ചിതറുമാ ചില്ലു കണക്കെയെൻ
മുന്നിൽ ഉന്മാദിയായി പൊഴിഞ്ഞു
പൂക്കുന്ന തൈമാവിൻ ചില്ലകളും
നിരന്ന് ആടുന്ന കൈതോല കൂട്ടങ്ങളും
മഴ പെണ്ണിന്റെ കുളിരേറ്റ് വാങ്ങുന്നുവോ
പുഴ മേലെ ഓളങ്ങൾ അണയുന്നുവോ
മല മുകളിലെ ഉറവയോടി ഒഴുകുന്നുവോ
നിൻറെ സ്തുതി ഗാനം അലകളായി
തഴുകിടുമ്പോൾ എൻറെ ഗതല
സ്മരണകൾ ഉണരുന്നിതാ.......
മഴയൊരു ഗീതം ആകുന്നുവോ എൻ
മനമൊരു മയിലായി ആടുന്നുവോ
നീളുന്ന ചെമ്മണ്ണ് പാതകളിൽ
മഴനീര് നുഴയുന്ന നാഗത്തെ പോൽ
ദൂരെ മഴനീര് നുഴയുന്ന നാഗത്തെ പോൽ

# മാതൃമഹത്വം

ശ്രുതി.എസ്
10 B

## അമ്മ

ഇന്ന് രണ്ട് അക്ഷരത്തിൽ തീരുന്നതല്ല സ്നേഹം, ഈ പ്രപഞ്ചത്തെക്കാൾ ഏറ്റവും വലുതാണ് .താൻ ഗർഭം ചൂടി ഇരിക്കുന്നു എന്നറിയുമ്പോൾ ഈ പ്രപഞ്ചത്തിൽ തന്നെ ഏറ്റവും കൂടുതൽ സന്തോഷിക്കുന്നത് അമ്മയായിരിക്കും. കുഞ്ഞ് ആണോ, അല്ല പെണ്ണാണോ, തിരിച്ചറിഞ്ഞില്ല ; തന്റെ ജീവന്റെ ഓമന പുത്രൻ എന്ന് കരുതിയാണ് അമ്മ സ്നേഹിക്കുന്നത്. പ്രപഞ്ചത്തിന് ദൈവം നൽകിയ ഏറ്റവും വലിയ നിധിയാണ് അമ്മ. ''മാതാപിതാഗുരുദൈവം'' എന്ന ശ്ലോകത്തിൽ കൂടി മാതാവിനാണ് ഉയർന്ന സ്ഥാനം. ഈ പ്രപഞ്ചത്തിൽ എല്ലാ ജീവജാലങ്ങൾക്കും അമ്മയോട് സ്നേഹമുണ്ട്. അത് ഈ ലോകത്തിലെ ഏറ്റവും ചെറിയ ജീവിക്ക് പോലും ആകട്ടെ ഈ ഭൂമിയിലെ അണയാത്ത വിളക്കാണ് അമ്മയും, അമ്മയുടെ സ്നേഹവും.



# the social science



**ABHIRAM.R.NAIR**
**9 E**

*Social Science is the branch of science devoted to the study of human societies and the relationships among individuals within those societies. The term was formerly used to refer to the field of sociology the original "science of society",established in the 19th century. In addition to sociology it now encompasses a wide array of academic disciplines, including anthropology, archaeology, economics, human geography, linguistics, management science, media studies, musicology, political science, physiology and social history.*

*Social science is an academic discipline concerned with society and the relationships among individuals within a society, which often primarily on empirical approaches.*

*It is important to study social sciences because they are about what it means to be human. When we better understand ourselves, we can better understand how the world works. Once we understand that, we are able to identify root cause of society's problems and find more effective solutions.*

*Social scientists help us imagine alternative futures and make sense of our finances. We need social science to guarantee our democracy it can improve our children's lives and education and can change the world for the better. It can also broaden your horizons. Those who study social sciences tend to understand the importance of a society of equality and diversity. They learn about and recognize the cultures in their community and the world.*

# നഷ്ട സ്വപ്നം



വൈഷ്ണവി.വി
9 C

ഞാൻ കണ്ട സ്വപ്നങ്ങൾ
ചിറകറ്റ് പോയപ്പോൾ
അതിൽ കവിഞ്ഞൊരു
'വേദന'
എനിക്കില്ലായിരുന്നു.
എന്നിട്ടും എൻ സ്വപ്നങ്ങൾ എന്റെ
നിദ്രയെ സ്നേഹിച്ചിരുന്നു.
സ്വപ്നങ്ങൾ ആണ് എന്റെ ലോകം
വേദനയാണ് എന്റെ ജീവിതം
മരണത്തോടാണ് എനിക്ക് പ്രണയം .
മരണം മധുരമായി എൻ
മനസ്സിൽ വന്നു
ജീവിതം കണ്ണുനീർ
തുള്ളിയായി എൻ
മുന്നിൽനിന്നു



# ENGLISH






ANJU.K.R
9 E

## <u>THE WORLD  LANGUAGE ENGLISH</u>

English is a west German language that originated from Anglo Frisian dialects brought to Britain, the mid $5^{th}$ to $7^{th}$ centuries AD by Anglo-Saxon settlers with the end of Roman rule in 410 AD, Latin ceased to be a major influence on the celtic language spoken by majority of the population.

English is a simple and an enjoying subject. It helps us to convey the people who don't know the language of ours and whether we don't know the language of theirs. In the world people mostly use English for communication.

In English several poets should their creativity. Many poems, stories, books, autobiography, biographies, etc. are translated to English language. So they can be read easily. English language is spread all over the world . All schools teach English. In English language, many famous poets contributed many things. The poets like Shakespeare, Wordsworth etc. The language English is used for job opportunities, speaking, reading, writing etc...

# SIR ISAAC NEWTON

MALAVIKA.G.P
8 D

Sir Isaac Newton 25 December 1642 an English mathematician, physicist, astronomer, theologian and author who is widely recognised as one of the most influential scientists of all time and as a key figure in the scientific revolution. His book philosophise naturally Principal mathematics [mathematical principle of natural philosophy], first published in 1687 laid the foundation of classical mechanics. Newton also made similar contribution To optics, and shares credit with Gottfried Wilhelm Leibniz for developing the infinitesimal Calculus.

In principle Newton formulated the laws of motion and universal gravitation is form the dominant scientific viewpoint Unit it what surprise by the relativity. Newton's in inference that the Earth is an oblate spheroid watch later confirmed by geodetic measurement. Newton dedicated matter of his time to study of alchemy and biblical chronology, what most of his those area remained unpublished until long after his death. He was passed away on 20 March 17 26.





## എന്റെ വസന്തം

ഇലമൂടിയ കൊന്നമരങ്ങളിൽ നിന്ന്
തിരിച്ചു പോകുന്നു
വീണ്ടുമൊരു മീനമാസത്തിനായി
കാത്തിരിക്കുന്ന

നന്ദിത




രസതന്ത്രം ശാസ്ത്രത്തിൻറെ വളരെ പ്രധാനപ്പെട്ട ഒരു ശാഖയാണ്. ആറ്റങ്ങളുടെ തന്മാത്രകൾ, അയോണുകൾ മുതലായവയുടെ ദ്രവ്യത്തിന് ഘടകങ്ങളുമായി ബന്ധപ്പെട്ട ശാസ്ത്രപഠനമാണ് രസതന്ത്രം. അതിന്റെ സവിശേഷതകൾ ,ഘടന ,പെരുമാറ്റം, അവയ്ക്കിടയിലുള്ള ഇടപെടലുകൾ എന്നിവ എല്ലാം ആറ്റങ്ങളും തന്മാത്രകളും ചേർന്നതിനാൽ നമുക്ക് ചുറ്റുമുള്ള രസതന്ത്രം കാണാൻ കഴിയും. ഇന്ന് രസതന്ത്രം വളരെ വൈവിധ്യമാർന്ന മേഖലയായി വളർന്നു. രസതന്ത്രവും ശാസ്ത്രത്തിൻറെ മറ്റു ശാഖകളും തമ്മിൽ കാര്യമായ ഓവർലാപ് ഉണ്ട്. ഉദാഹരണത്തിന്: ബയോകെമിസ്ട്രി (കെമിസ്ട്രി, ബയോളജി), ഫിസിക്കൽ കെമിസ്ട്രി (കെമിസ്ട്രി, ഫിസിക്സ്), മെഡിസിനൽ കെമിസ്ട്രി (മെഡിസിൻ, കെമിസ്ട്രി),കെമിക്കൽ എൻജിനീയറിങ് (കെമിസ്ട്രി, എൻജിനീയറിങ്) തുടങ്ങിയവ. മിക്ക ആളുകളും രസതന്ത്രത്തെ വിരസവും സങ്കീർണവും ആണെന്ന് കരുതുന്നു, പക്ഷേ ഇത് അസത്യമാണ് . രസതന്ത്രം മൂലമാണ് നമ്മുടെ ദൈനംദിന പ്രവർത്തനങ്ങൾ പലതും നേടുന്നത് സോപ്പുകൾ, ഡിറ്റർജന്റുകൾ, ഗുളികകൾ ,പ്ലാസ്റ്റിക് , വസ്ത്രങ്ങൾ, ഭക്ഷണം, നിറങ്ങൾ കൂടാതെ മറ്റു പലതും രസതന്ത്രത്തിന് ചില ഉൽപ്പന്നങ്ങളാണ്. മിക്കവാറും എല്ലാ രാസപഠനങ്ങളിലും ഊർജ്ജവും എൻട്രോപ്പി പരിഗണനകളും പ്രധാനമാണ്. രാസവസ്തുക്കളെ അവയുടെ ഘടനപട്ടം, രാസഘടന എന്നിവ അനുസരിച്ച് തരംതിരിച്ചിരിക്കുന്നു. രാസവിശകലനത്തിന് ഉപകരണങ്ങളുപയോഗിച്ച് അവ വിശകലനംചെയ്യാൻ കഴിയും; ഉദാഹരണം: പെട്രോകോപ്പി, ക്രൊമാറ്റോഗ്രഫി. രാസ ഗവേഷണത്തിൽ ഏർപ്പെട്ടിരിക്കുന്ന ശാസ്ത്രജ്ഞരെ രസതന്ത്രജ്ഞർ എന്നും അറിയപ്പെടുന്നു. മിക്ക രസതന്ത്രജ്ഞരും ഒന്നോ അതിലധികമോ ഉഗിൾ വിഭാഗങ്ങളിൽ വിദഗ്ധരാണ് . രസതന്ത്ര പഠനത്തിന് നിരവധി ആശയങ്ങൾ ആവശ്യമാണ് .

# സൗഹൃദം



വൈഷ്ണവി.വി
9 C

ജീവിതമെന്ന വലിയ
അനുഭവത്തിൽ ഞാൻ
നെഞ്ചിലേറ്റിയപ്പോൾ
ഏറ്റവും സന്തോഷം അനുഭവിച്ച
നിമിഷമായിരുന്നു
സ്കൂൾ കാലം
സൗഹൃദത്തെ കൂട്ടിപ്പിടിച്ച്
പൊട്ടിച്ചിരിച്ചും മറ്റുള്ളവരെ
കളിയാക്കിയും പിണങ്ങിയും
ഞാൻ അനുഭവിച്ച
ആ കാലം
അതൊരു വസന്തകാലമായിരുന്നു
പരിഭവിച്ചും കലഹിച്ചും
തീരാത്ത ദിവസങ്ങൾ
എങ്ങുപോയി മറന്നു എന്നറിയില്ല
പിരിയാൻ സമയമായപ്പോൾ
ഓട്ടോഗ്രാഫ് എന്ന പുസ്തകത്തിൽ
എന്ത് എഴുതാൻ എന്നറിയാതെ
വെറും ഒരു ഓൾ ദി ബെസ്റ്റ്
എഴുതി
കൂട്ടുകാരിയെ കെട്ടിപ്പിടിച്ച്
കരഞ്ഞു തീരാത്ത നിമിഷം
ഇനിയങ്ങോട്ട് ആരുടെ കൂടെ
കൂടണം എന്ന് അറിയാതെ നിറഞ്ഞു
തുളുമ്പുന്ന കണ്ണീർ തുടച്ചു ലോകമാണി
പുഞ്ചിരിയെ തിരികെ പിടിച്ചു
എല്ലാവരോടും യാത്ര പറഞ്ഞു
തിരിഞ്ഞുനോക്കി തിരിഞ്ഞുനോക്കി
സ്കൂളിനോട്, കൂട്ടുകാരികളോട്
വിടപറഞ്ഞു
കണ്ണുനീർ കലർത്തി
പുഞ്ചിരിയോടെ.......



# സുന്ദര പ്രകൃതി

ശ്രുതി.എസ്
10 B

വളരെ മനോഹരമായ തിരമാലകൾ പോലെ നീണ്ടു കിടക്കുന്ന പച്ച കൊണ്ട് നിറഞ്ഞു നിൽക്കുന്ന വലിയ വലിയ മലകളാണ് നമ്മുടെ നാട്ടിൽ. എന്റെ വീട്ടിൽ നിന്നു നോക്കിയാൽ ആകാശത്തോളം വലിയ മലനിരകളാണ് ഉള്ളത്. മേഘങ്ങളോട് കൈകൾ കോർത്ത് കൊണ്ട് നിൽക്കുന്ന വലിയ മലനിരകൾ. സുന്ദരമായ മലകൾക്കിടയിലൂടെ പുലർച്ച തൻ മനോഹരമായ കുങ്കുമപ്പൊട്ടുമായി ഉദിച്ചു ഉണരുമ്പോൾ എന്തൊരു പ്രകാശമാണ് നാട്ടിൽ, എന്തൊരു ഉത്സാഹമാണ് ഈ നാട്ടിൽ ,എന്ത് മനോഹരമാണ് എൻറെ ഈ നാട്. മനോഹരമായി കൂകുന്ന കുയിലിൻറെ നാദവും, നാടിൻറെ ശുചിത്വകരായ കാക്കകളുടെ ശബ്ദവും എൻറെ വീടിൻറെ മുറ്റത്ത് പടർന്നു നിൽക്കുന്ന വലിയ മാവിൻറെ കൊമ്പത്തെ അണ്ണാറക്കണ്ണന്മാരുടെ ചിലക്കലും, മുറ്റത്ത് നിൽക്കുന്ന ചെന്ദുരമരത്തിലെ പൂവിന്റെ തേൻ നുകരാൻ വരുന്ന ഒരുകൂട്ടം മണ്ണാത്തി കിളികളുടെ ശബ്ദവും എല്ലാം കേട്ടാണ് ഞാൻ എന്നും രാവിലെ ഉണരാറുള്ളത്. ഇതുപോലെ എത്ര മനോഹരമായ ശബ്ദങ്ങൾ കേട്ടാണ് ഞാൻ ഉണരാറൂള്ളത്.



# കേരളീയ കലകൾ



മുഹമ്മദ് അനസ്.എം.എ

9 E

നവംബർ 1 കേരളപ്പിറവി ദിനമാണ്

1956 നവംബർ ഒന്നിനാണ് നമ്മുടെ സംസ്ഥാനം നിലവിൽ വന്നത്.

സ്കൂൾ പഠനത്തിന് ആവശ്യമായ കേരളീയ കലകളെ കുറിച്ച് ഇവിടെ പരിചയപ്പെടാം

വൈവിധ്യമാർന്ന നിരവധി കലാരൂപങ്ങൾ കേരളത്തിലുണ്ട് കേരളത്തിന്റെ തനതായ കലാരൂപങ്ങളായ കളമെഴുത്ത്, ക്ഷേത്രകലകൾ, കഥകളി, മോഹിനിയാട്ടം, കേരളനടനം, തുള്ളൽ, തിറയാട്ടം, എന്നിവ അവയിൽ പ്രധാനപ്പെട്ടവയാണ് ചുമർ ചിത്രകല, കഥാപ്രസംഗം, സംഗീതം , എന്നിവയും കലകളായി എണ്ണപ്പെടുന്നു

## കളമെഴുത്ത്

അഞ്ചു നിറത്തിലുള്ള പൊടികൾ കൊണ്ട് ദേവതകളുടെ രൂപം നിലത്ത് വരയ്ക്കുന്നതിനാണ് കളമെഴുത്ത് എന്ന് പറയുന്നത്. ഈ നിറങ്ങൾ ഉണ്ടാക്കുന്നതിന് പ്രകൃതിയിൽ നിന്ന് ലഭിക്കുന്ന വസ്തുക്കളാണ് ഉപയോഗിക്കുന്നത്

## ചിത്രകല

കേരളത്തിലെ ആധുനിക ചിത്രകല എണ്ണപ്പെടുന്നത് രാജാരവിവർമ്മയിലൂടെയാണ്. ചിത്രകലയിൽ പ്രധാനം ചുമർചിത്രങ്ങൾ ആണ്. ഇവ പ്രധാനമായും ക്ഷേത്രങ്ങൾ, കൊട്ടാരങ്ങൾ എന്നിവ കേന്ദ്രീകരിച്ചാണ് വികസിച്ചത്. ഗുഹകളിലും ഇത്തരംചിത്രകലകൾ കാണാം.

## ക്ഷേത്ര കലകൾ

കഥകളി, തുള്ളൽ, കൂത്ത്, കൂടിയാട്ടം, പടയണി, പാഠകം, മുടിയേറ്റ്, തിറയാട്ടം, കൃഷ്ണനാട്ടം, ഗരുഡൻ തൂക്കം, കാവടിയാട്ടം തുടങ്ങിയവയാണ് പ്രധാന ക്ഷേത്ര കലകൾ.

## അഹൈന്ദവ കലകൾ

ക്ഷേത്രകലകൾക്കൊപ്പം പ്രാധാന്യം അർഹിക്കുന്നതാണ് അഹൈന്ദവ കലകളായ ഒപ്പന, മാർഗംകളി, കോൽക്കളി, ദഫ്മുട്ട്, ഏഴാമത്തുകളി, തുടങ്ങിയവ. ഇത്തരം കലാരൂപങ്ങൾക്ക് വൻ സ്വീകാര്യതയാണ് ലഭിക്കുന്നത്.

## കഥകളി

സംഗീതം, സാഹിത്യം, നൃത്തം, അഭിനയം, വാദ്യം തുടങ്ങിയവ എല്ലാം ചേർന്ന് മനോഹരമായ ഒരു കലാരൂപമാണിത്. കത്തി വേഷം ,പച്ച, കരി എന്നിങ്ങനെയാണ് കഥകളിയിലെ കഥാപാത്രങ്ങൾ. കഥകളിയുടെ ചമയം

## കേരളനടനം

കഥകളിയെ അടിസ്ഥാനമാക്കി രൂപപ്പെട്ട ഒരു കലയാണ് കേരളനടനം. ശാസ്ത്രീയമായ അടിത്തറ കേരളനടനത്തിൽ പ്രത്യേകതയാണ്.

## തുള്ളൽ

തുള്ളൽ എന്നു കേൾക്കുമ്പോൾ ഓട്ടൻതുള്ളലാണ് ഓർമ്മയിൽ വരിക. ശീതങ്കൻതുള്ളൽ, പറയൻ എന്നിവയുമുണ്ട്. കുഞ്ചൻ നമ്പ്യാരാണ് തുള്ളൽ കലയുടെ ഉപജ്ഞാതാവ്. ഹാസ്യ രസ പ്രധാനമാണ് തുള്ളൽ.

## മോഹിനിയാട്ടം

കേരളത്തിൻറെ തനത് ലാസ്യ നൃത്ത കലയാണ് മോഹിനിയാട്ടം. നാട്യശാസ്ത്രത്തിൽ പറയുന്ന ചതുർ വൃത്തികളിൽ ലാസിയ ലാവണ്യ സമ്പന്നമായ കൈശികി വൃത്തിയിൽ ഊന്നിയ നടനം ആണ് മോഹിനിയാട്ടം. ഭാരതി , സ്വാതി , എന്നിവയാണ് മറ്റ രണ്ട് വൃത്തികൾ. ശാസ്ത്രീയ സ്ത്രീ നൃത്ത കലയായ മോഹിനിയാട്ടം ഇപ്പോൾ പുരുഷന്മാരും ആടാറുണ്ട്. കലാമണ്ഡലം കല്യാണിക്കുട്ടിയമ്മ പ്രശസ്തയായ മോഹിനിയാട്ട നർത്തകിയാണ്.

## മറ്റു കലകൾ

ഇവകൂടാതെ തിറയാട്ടം, ശ്രാവ്യ കലകൾ, അശാസ്ത്രീയസംഗീതം, സാമാന്യ സംഗീതം, കാക്കാരിശ്ശി നാടകം, തിരുവാതിര കളി , അർജ്ജുന നൃത്തം, കെട്ടുകാഴ്ച, കുറത്തിയാട്ടം, തെയ്യം, പൊറാട്ട് കളി, വേലൻ തുള്ളൽ, ചവിട്ടുനാടകം, വേലകളി, തീയാട്ട്, തലപ്പന്തുകളി, കുട്ടിയും കോലും, കടുക്കുട്ടാ, കോലടിക്കളി, കളിത്തട്ട് കളി, എന്നിവയും കേരളത്തിൻറെ കലകളാണ്.

ഇവയ്ക്കെല്ലാം പുറമേ കല എന്നും കായികം എന്നും വിശേഷിപ്പിക്കാവുന്ന കളരിപ്പയറ്റും കേരളത്തിൻറെ തനതു കലയാണ്.



# എബ്രഹാം ലിങ്കൺ

അനന്ദ്.പി.യു
8 D

അമേരിക്കയുടെ ചരിത്രത്തിലെ ഏറ്റവും മഹാനായ പ്രസിഡൻറ്. പൈശാചികമായ അടിമ സമ്പ്രദായത്തിന് അറുതിവരുത്തിയ വിമോചന നായകൻ, ജനാധിപത്യത്തിൻറെ ഉജ്ജ്വല വക്താവ് എബ്രഹാം ലിങ്കന് വിശേഷണം ഏറെയുണ്ട്. കെൻറക്കിലെ ഒറ്റമുറിയുള്ള മര കുടിലിൽ വളർന്ന ലിങ്കൻ അമേരിക്കയുടെ പതിനാറാമത്തെ പ്രസിഡൻറായി.






ഒടുവിൽ ഞാൻ സ്വർഗത്തിൽ ചെന്നു
മരിച്ചവരുടെ സംസാരമെനിക്ക് മനസ്സിലായില്ല
പെട്ടെന്ന് , അനന്തതയുടെ ഒരു പ്രാർത്ഥന
ദൈവം ദലമർമ്മരം പോലെ
സംസാരിക്കുകയായിരുന്നുമലയാളത്തിൽ

എന്റെ ഭാഷ
സച്ചിദാനന്ദൻ


# വരകളിലൂടെ










s
നന്ദി
ഓർമ്മകൾ ഒരു പച്ചമരം ആണ്
നിറയെ ജീവനുള്ള ഇലകൾ
ഓരോ ഇലയിലും അജ്ഞാതാ
ലിപികളാൽ
കാലം കുറിച്ചിട്ട ഡയറിക്കുറിപ്പുകൾ
ഹൃദയപൂർവ്വം
എഡിറ്റർ

# ലിറ്റിൽ കൈറ്റ്സ് യൂണിറ്റ്

# 2019-20

